Private Circulation only

# ട്രൈബൽന്യൂസ്

ഫെബ്രുവരി - മാർച്ച് 2026

## പണി പൂർത്തികരിച്ച പാക്കുളം ട്രൈബൽ മിഷൻ ഹാൾ





ഹാളിന്റെ ഉദ്ഘാടനവേളയിൽ

# എഡിറ്റോറിയൽ





എഡിറ്റർ
റ്റി. ജയദാസ് കളരിയ്ക്കൽ 9747442935

കർത്താവിൽ പ്രിയരെ,

യേശുക്രിസ്തുവിൻ അനുഗ്രഹീത നാമത്തിൽ സ്നേഹവന്ദനം. ഉണങ്ങിവരണ്ട് ചിന്നഭിന്നമായിട്ടുള്ള അസ്ഥികഷ്ണങ്ങൾ കൊണ്ട് നിറയപ്പെട്ട താഴ്‌വര യെഹസ്കേൽ പ്രവാചകൻ മുഖാന്തിരം ജനശ്രദ്ധയിലേക്ക് കൊണ്ടുവരപ്പെട്ടു. (Ezh 37) ഈ അസ്ഥികൾ ജീവിക്കുമോ? ഉണങ്ങിവരണ്ട അസ്ഥികളിൽ മാംസം പൊതിഞ്ഞ് ജീവനുള്ളദേഹം ദേഹിയായി മാറിയ ചരിത്രം വിശുദ്ധ വേദപുസ്തകം തെളിവായി വെളിപ്പെടുത്തുന്നു. ഇതുപോലെ ബന്ധംവിട്ട് ചിന്നഭിന്നമായി കിടക്കുന്ന അവസ്ഥയിൽ ആയിരിക്കുന്ന ആയിരക്കണക്കിന് ആദിവാസി സമൂഹങ്ങൾ അനേക ഉന്നതികളിൽ കിടക്കുന്നു. ഇവർ കർത്താവിനായി ഒരു സൈന്യമായി എഴുന്നേൽക്കാൻ ഇടയായി.

അട്ടപ്പാടിയിലുള്ള ഒരു സഹോദരൻ വീടിനും നാട്ടുകാർക്കും വലിയപ്രതിസന്ധിയായി മാറിയ മദ്യപാനി ഈസന്ദർഭത്തിൽ ട്രൈബൽ മിഷന്റെ ഒരു മിഷനറി ഇദ്ദേഹത്തെ കണ്ട് സംസാരിച്ച് ഡി-അഡിക്ഷൻ ക്യാമ്പിലേക്ക് പോയി അവിടെ എത്തി ചില ദിവസങ്ങളിലെ പ്രാർത്ഥനയുടെ ഫലമായി മദ്യപാനത്തോട് വിട പറഞ്ഞ് ട്രൈബൽ മിഷൻ സഭയിൽ കുടുംബമായി ദൈവത്തെ ആരാധിക്കുന്നു.

ജീവിതപ്രശ്നങ്ങളാലും രോഗങ്ങളാലുംവലഞ്ഞ ഒരുസ്ത്രീയെ നമ്മുടെ പാക്കുളം മിഷൻ വീട്ടിൽ പോയി പ്രാർത്ഥിക്കാൻ ആരെല്ലാമോ ചേർന്നു പറഞ്ഞയച്ചു. അവരുടെ രോഗം സൗഖ്യമായി കുടുംബമായി ഇന്ന് ഇവിടെ ദൈവത്തെ ആരാധിക്കുന്നു. നമ്മൾ പ്രവർത്തിക്കുന്ന ഉന്നതികളിൽ ദൈവം ഇന്നും അത്ഭുതങ്ങളെ ചെയ്യുന്നു. രോഗസൗഖ്യം മാനസാന്തരം, സ്നാനം എന്നിവയിലൂടെ അത് പ്രകടമാകുന്നു.

അനേക സ്ഥലങ്ങളിൽ സ്നാനകുളം വറ്റി വരണ്ടുപോയിക്കൊണ്ടിരിക്കുമ്പോൾ നമ്മുടെ മിഷൻ ഫീൽഡുകളിൽ തുടർമാനമായി കർത്താവിന്റെ കൃപയാൽ സ്നാനങ്ങൾ നടക്കുന്നു. വനാന്തർ ഭാഗത്ത് കഴിയുന്ന ആദിവാസി സമൂഹങ്ങൾ ഇന്ന് സത്യദൈവത്തെക്കുറിച്ച് അറിയുന്നു ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്നു. ദൈവത്തിന്റെ സന്ദർശനം ഉന്നതികളിൽ ഉണ്ടാകുന്നു.

അവരുടെ ഇടയിൽ സുവിശേഷം പറയുന്ന മിഷനറിമാർ മറ്റെല്ലാവിധമായിട്ടുള്ള സുഖ സൗകര്യങ്ങളും വെടിഞ്ഞ് ഏറിയ കഷ്ടം സഹിച്ച് നിന്ന് യേശുവിനെ സാക്ഷിക്കുകയും ജനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തുവരുന്നു. ഈ ജനതയുടെ ഹൃദയതുടിപ്പുകളെ തിരിച്ചറിഞ്ഞ് കണ്ണീർ തുടയ്ക്കാൻ ദൈവനിയോഗത്താൽ സ്ഥാപിതമായ ട്രൈബൽ മിഷൻ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കാം സഹായിക്കാം.



ദൈവം അനുഗ്രഹിക്കട്ടെ. നിത്യജീവന് അവകാശികളായി ദൈവത്തെ ആരാധിക്കുന്ന വലിയ ഒരു കൂട്ടം ഉന്നതികളിൽ ഉണ്ടാകട്ടെ.



# ജനറൽ സെക്രട്ടറിയുടെ കത്ത്............

**ഡോ. കെ. മുരളീധർ M.D. MNAMS**

ഇന്ദ്രീയ സുഖ പ്രധാനമായ ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. തങ്ങളുടെ ജഢീകസുഖ സാക്ഷാത്കാരത്തിനു വേണ്ടി മാത്രം ആളുകൾ ദൈനംദിന തീരുമാനങ്ങളെടുക്കുന്നു. തെരഞ്ഞെടുപ്പുകൾ പലതും 'ഇപ്പോൾ' ' ഇവിടെ' അതിനപ്പുറത്തേക്കു നോക്കാറില്ല സുഖകരം എന്ന് തോന്നുന്നത് ചെയ്യുക എന്ന ഒരു തത്വശാസ്ത്രം സ്വീകരിച്ച ഒരു തലമുറയെ നാം വളർത്തിയെടുത്തു ഭൗതിക ശരീരത്തെ മാത്രം മുൻനിർത്തി തെരഞ്ഞെടുപ്പുകൾ നടത്തുന്നു. നമ്മുടെ മൂല്യബോധം തന്നെ മഴവെള്ളപ്പാച്ചിലിൽ ഒലിച്ചുപോയിരിക്കുന്നു. ഇന്നത്തെ തീരുമാനങ്ങൾ ഇന്നത്തേക്ക്. നാളെ അതിനു പ്രസക്തിയില്ല എന്ന ചിന്തയിലൂടെ സ്ത്രീ പുരുഷന്മാരുടെ മനസ്സ് നിർവീര്യമാക്കുന്ന നരകത്തിൽനിന്നുള്ള (സാത്താന്റെ) ആക്രമണം നാം അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്.

പെന്തക്കോസ്തു നാളിൽ തടിച്ചുകൂടിയ ജനസമൂഹത്തിന് ( അപ്പോ 2:40) പത്രോസ് ഒരു മുന്നറിയിപ്പു നൽകുന്നു. " ഈ വക്രതയുള്ള തലമുറയിൽ നിന്ന് രക്ഷിക്കപ്പെടുവിൻ" ഇന്ന് ചെയ്യുന്ന കാര്യങ്ങളുടെ ഫലം ഒരു പക്ഷേ നാളയോ, ഒരാഴ്ചക്കുള്ളിലോ, ഒരു മാസത്തിനകത്തോ, ഒരു വർഷം കൊണ്ടോ അനുഭവിക്കേണ്ടിവരില്ല. എന്നാൽ പാപത്തെ നിയന്ത്രിക്കാതിരുനനാൽ അതിന്റെ വികൃതമായ തല ഉയരുമ്പോൾ നിങ്ങളുടെ തെറ്റായ തെരഞ്ഞെടുപ്പിനെകുറിച്ച് ദുഃഖിക്കേണ്ടിവരും.

ലോത്തിനെ നോക്കുക. ജീവിത്തിലെ ഒരു നാൽക്കവലയിലാണ് അവൻ നിൽക്കുന്നത്. ഒരു തീരുമാനമെടുക്കേണ്ട അവസരം അപ്പോൾ തനെടുക്കുന്ന തീരുമാനം തന്റെ ജീവിതത്തെ ആകമാനം മറിച്ചുകളയാമെന്ന് ഒരു പക്ഷേ ലോത്ത് ചിന്തിച്ചുകാണുകയില്ല.

അബ്രഹാം ലോത്തിനോടു പറഞ്ഞു. " നീ വലത്തോട്ടെങ്കിൽ ഞാൻ ഇടത്തോട്ട്. നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ട് ലോത്തിന്റേയും അബ്രഹാമിന്റെയും ജോലിക്കാർ തമ്മിലുണ്ടായ വഴക്കിനെക്കുറിച്ച് ലോത്ത് അനുതപിച്ച് അബ്രഹാമിനോട് ചേർന്നിരിക്കണമായിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. ദൈവവും അബ്രാമുമായുള്ള ഉടമ്പടിയെക്കുറിച്ച് ലോത്തിനറിയാമായിരുന്നു. അബ്രഹാം എവിടെപോയാലും ദൈവത്തിന്റെ അനുഗ്രഹം അവനോടുകൂടെയിരിക്കും. ഈ വാഗ്ദത്തം അറിഞ്ഞിട്ടും. ലോത്ത് ചുറ്റുപാടും നോക്കി ഫലഭൂയിഷമായ സ്ഥലം കണ്ട് അതിൽ ആകൃഷ്ടനാകുന്നു. അവൻ ലോകത്തെ സ്നേഹിച്ചു. കൺമോഹം ജഢമോഹം, ജീവനത്തിനുള്ള പ്രതാപം ഇവ ലോത്തിനെ ഗ്രഹിച്ചു. (യോഹ 2 :15 - 17)

"ലോകവും അതിന്റെ മോഹങ്ങളും ഒഴിഞ്ഞുപോകും, ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും നിലനിൽക്കും" തെരഞ്ഞെടുപ്പിന് ശക്തിയുണ്ട് എന്ന് നാം മനസ്സിലാക്കണം പരിണിതഫലം അനുഭവിക്കേണ്ടി വരും. ലോത്ത് സോദാം പട്ടണം തെരഞ്ഞെടുത്തപ്പോൾ തന്റെ മാത്രം വിധിയാണ് താൻ തീരുമാനിച്ചതെന്ന് ലോത്ത് മനസ്സിലാക്കിയില്ല. ചില അദ്ധ്യായങ്ങൾ വായിച്ചാൽ ലോത്തിന്റെ തെരഞ്ഞെടുപ്പിന്റെ ഫലം മനസ്സിലാക്കാം. പെൺമക്കളെകൊണ്ട് വന്ന ലോത്തിന് ഭാര്യ നഷ്ടമായി കാരണം അവൾ സാമൂഹ്യ തീരുമാനങ്ങളുമായി അടുത്ത ബന്ധത്തിലായിരുന്നതിനാൽ അവസാനമായി ഒന്നു തിരിഞ്ഞു നോക്കാൻ പ്രേരിതയായി. ലോത്തിനോടൊപ്പം ഓടിരക്ഷപ്പെട്ട രണ്ടു പെൺമക്കൾ അവർ വസിച്ച സമൂഹത്തിന്റെ ദുഷ്പ്രവണതകളിൽ അകപ്പെട്ട വികൃതസ്വഭാവികളായിരുന്നു. അഭയം തേടിയ മലയിൽ വച്ച് അവർ പിതാവിനെ മദ്യലഹരിയിലാക്കി ലൈംഗീക ബന്ധത്തിൽ ഏർപ്പെടുകയും തൽഫലമായി ഓരോ പുത്രൻ ജനിക്കുകയും ചെയ്തു. മോബാവും, ബെൻ അമ്മിയും ഇവരുടെ പിൻഗാമികൾ മോവബ്യർ എന്നും അമോന്യർ എന്നും അറിയപ്പെട്ടു. യിസ്രയേൽ ജനത ഇവരെ ശത്രുക്കളായി കണക്കാക്കി.

അതെ! തെരഞ്ഞെടുപ്പിന് ശക്തിയുണ്ട് വലിയ പ്രത്യാഘാതമുണ്ട് !

വായനക്കാരിൽ ചിലരെങ്കിലും തങ്ങളുടെ തെരഞ്ഞെടുപ്പിന്റെ വില കൊടുക്കാൻ തുടങ്ങിവർ കാണും. ചിലർ പ്രത്യാഘാതങ്ങളെ കാത്തിരിക്കയാകും. ഞാൻ പറയുവാൻ ഉദ്ദേശിക്കുന്നത് ഇന്ന് നാം തീരുമാനങ്ങൾ എടുക്കുമ്പോൾ അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് മാനസ്സിലാക്കിയാലും ഇല്ലെങ്കിലും അത്നമ്മെ കാത്തിരിക്കുന്നു എന്ന്ഓർക്കുക. അതുകൊണ്ട് ലോത്തിനെപ്പോലെയല്ല. അബ്രഹാമിനെപ്പോലെ ദൈവത്തോടു ചേർന്ന നല്ല തെരഞ്ഞെടുപ്പ് നടത്തുക

തെരഞ്ഞെടുപ്പിന് ശക്തിയുണ്ട്

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ

# ...... ബഥനി അട്ടപ്പാടിയിൽ നിന്നും സ്നേഹപൂർവ്വം ......

കർത്താവിൽ പ്രിയരേ,

അട്ടപ്പാടി ബഥനിയിൽ നിന്നും സ്നേഹ വന്ദനം

ഓണാവധിക്കുശേഷം ബഥനി സ്കൂളിൽ രണ്ടാം ടേം ആരംഭിച്ചു. സ്കൂൾ സ്പോർട്സ് & ആർട്സ് മത്സരങ്ങൾ സെപ്തംബർ മാസത്തിൽ ഗംഭീരമായി നടത്തി. ഒക്ടോബർ 2,3 അവധി ദിവസങ്ങളിൽ Kingdom Life Mission കോയമ്പത്തൂർ, കുട്ടികൾക്കായുള്ള പ്രോഗ്രാം നടത്തി. ഏകദേശം 150 പേരോളം അതിൽ പങ്കെടുത്തു. ബ്രദർ ആരോഗ്യസാമി, ബ്രദർ സ്റ്റീഫൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. കൂടാതെ ടീം എല്ലാവർക്കും സ്നാക്സും ഭക്ഷണവും നൽകി. പ്രിയപ്പെട്ടവരോടുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

ദീപാവലി അവധി ദിവസങ്ങളിൽ സി ഇ എഫിന്റെ നേതൃത്വത്തിൽ ബാലഭവനിലെ കുട്ടികൾക്കായി 3 ദിവസത്തെ പ്രോഗ്രാം- പാട്ടുകൾ, ആക്ഷൻ സോംഗ്സ് പപ്പെറ്റ് ഷോ, ഫിലിം ഷോ തുടങ്ങിയവ നടത്തി. 3 ദിവസം പോയതറിയാതെ കുട്ടികൾ വളരെ സന്തോഷമായി പങ്കെടുത്തു. ബ്രദർ സ്റ്റാൻലി ജോൺസ് ഭാര്യ അനിത മക്കൾ റിമ, ലൈന, ബ്രദർ സാംകുട്ടി ഭാര്യ ബിന്ദു തുടങ്ങിയവർ പരിപാടികൾ നടത്തി. എല്ലാ ദിവസവും വിശേഷ വിരുന്നുകൾ നടത്തി. ഒരു ദിവസം ബ്രദർ സ്റ്റാൻലി ജോൺസിന്റെ വകയായി സ്നേഹവിരുന്നും നൽകി. പ്രിയപ്പെട്ടവരോടുള്ള നന്ദി അറിയിക്കുന്നു. എല്ലാ വർഷവും തന്റെ വിവാഹവാർഷിക ദിനം വരുമ്പോൾ ബാലഭവനിൽ എത്തി കുട്ടികളോടൊപ്പം ഒരു ദിവസം ചിലവഴിക്കുന്നത് ഡോ. തോമസ് ഡേവിഡിന്റെ (തിരുവനന്തപുരം) ഒരു പതിവാണ്. ഈ വർഷവും പാസ്റ്റർ സാബു ജോൺ, ബ്രദർ ബാലകൃഷ്ണൻ എന്നിവരോടൊപ്പം നവംബർ 22-ാം തീയതി എത്തി. വൈകിട്ടുള്ള പ്രാർത്ഥനയിൽ പങ്കെടുക്കുകയും രാത്രിയിൽ ഗംഭീരമായൊരു സ്നേഹവിരുന്നു നൽകുകയും ചെയ്തു. അടുത്ത ദിവസം എന്തെങ്കിലും ആവശ്യങ്ങൾ ഉണ്ടെങ്കിൽ പറയു.... അദ്ദേഹം ചോദിച്ചപ്പോൾ കുട്ടികളുടെ സൈക്കിൾ പഴയതായാലും കിട്ടിയാൽ കൊള്ളാം എന്നറിയിച്ചപ്പോൾ പുതിയ രണ്ടു സൈക്കിളുകൾ വാങ്ങി കുട്ടികൾക്ക് കൊടുക്കണം. തുക ഉടൻ അയക്കുന്നു. എന്ന് പറഞ്ഞു യാത്ര ആയി. അതനുസരിച്ചു കുട്ടികൾക്ക് ക്രിസ്തുമസ് സമ്മാനമായി 2 സൈക്കിളുകൾ ലഭിച്ചു. ദൈവത്തിനു സ്തോത്രം തിരുവനന്തപുരത്തു നിന്നും ഇത്രയും ദൂരം യാത്ര ചെയ്തു കുട്ടികളോടൊത്തു സമയം ചിലവഴിക്കാൻ മാറ്റിവയ്ക്കുന്നത് ചെറിയ കാര്യമല്ല. ഡോ. തോമസ് ഡേവിഡ് സാറിനോടും റേച്ചൽ ആന്റിയോടും കുടുംബത്തോടും ഉള്ള സ്നേഹവും നന്ദിയും അറിയിക്കുന്നു.

സമ്പന്ന കുടുംബത്തിലെ കുട്ടികൾ ഇഷ്ടം പോലെ സൈക്കിളുകളിൽ കളിക്കുമ്പോൾ അത് ദൂരെ നിന്ന് കാണാൻ മാത്രം കഴിഞ്ഞിരുന്ന നമ്മുടെ കുട്ടികൾക്ക് ദൈവം അവ എത്തിച്ചുകൊടുത്തു സ്തോത്രം.

ബഥനി സ്കൂളിന്റെ വാർഷീകദിനവും സമ്മാനവിതരണവും ഡിസംബർ 5 നു നടത്തി. മുഖ്യ അതിഥിയായി ട്രൈബൽ മിഷൻ അസിസ്റ്റന്റ് ജനറൽ സെക്രട്ടറി ഡോ. സുബ്രമണി തിരുവനന്തപുരം ആയിരുന്നു. അന്ന് കാലത്ത് ടീച്ചേഴ്സിനായി ഒരു മീറ്റിംഗ് നടത്തി. ഡോ സുബ്രമണി നൽകിയ മോട്ടിവേഷൻ ക്ലാസ്സ് എത്രയും വിലപ്പെട്ടതും തങ്ങൾക്കു വേണ്ടിയതും ആയിരുന്നു എന്ന് അദ്ധ്യാപകർ പറയുകയുണ്ടായി. ഈ വർഷവും സ്കൂളിലെയും ബാലഭവനിലെയും സ്റ്റാഫുകൾക്ക് ക്രിസ്തുമസ് സമ്മാനമായി ക്യാഷ് അവാർഡുകൾ അദ്ദേഹംനൽകി തന്റെസമയവും വലിയൊരു തുകയും മാറ്റി വച്ച് ഈ സ്ഥാപനങ്ങളിലെ ജീവനക്കാരെ പ്രോത്സാഹിപ്പിച്ച സാറിനോടുള്ള സ്നേഹം അറിയിക്കുന്നു.

വളരെ നാളുകളായി കുട്ടികളെയും പ്രവർത്തകരേയും കാണണം എന്ന് ആഗ്രഹിച്ച് ഡിസംബർ 6,7,8 തീയതികളിൽ ഇവിടെ താമസിച്ച് എല്ലാവർക്കും പ്രിയങ്കരിയും അമ്മയും ആയ മനോരമ ആന്റിയെ സ്നേഹത്തോടെ ഓർക്കുന്നു. പരേതനായ ജോർജ്ജ് മാത്യു സാറും മനോരമ ആന്റിയും 2000 -2006 കാലങ്ങളിൽ 7 വർഷത്തോളം വളരെ ചെറിയ സൗകര്യങ്ങളിൽ കുട്ടികളോടൊപ്പം താമസിച്ചു ഈ സ്ഥാപനങ്ങളുടെ ആദ്യകാല പ്രവർത്തനങ്ങളിൽ നേതൃത്വം വഹിച്ചിരുന്നത് നന്ദിയോടെ ഓർക്കുന്നു.

ഡിസംബർ 6 വൈകിട്ട് നടത്തിയ ക്രിസ്തുമസ് ദിനാഘോഷത്തിൽ റാന്നിയിൽ നിന്ന് ബ്രദർ രാജു തോമസിന്റെ

നേതൃത്വത്തിൽ യൂണിയൻക്രിസ്ത്യൻ പ്രയർ ടീം ( 35 പേരോളം ) ഡോ. കെ എം സാമുവേൽ & ഫാമിലിയോട് കൂടി പങ്കെടുത്തു. കുട്ടികളുടെ ക്വയർ ഗാനങ്ങൾ, ഡാൻസ്, ഗെസ്റ്റുകളുടെ പാട്ട് എല്ലാം മനോഹരം ആയി രുന്നു. ക്രിസ്തുമസ് സന്ദേശങ്ങൾ ശ്രീമതി മനോരമ ജോർജ്ജ് ബ്രദർ രാജു തോമസ് എന്നിവർ നൽകി. ഡോ. കെ എം സാമുവേൽ, പാസ്റ്റർ മാണി കുര്യാക്കോസ് മത്സരങ്ങളിൽ വിജയിച്ച് കുട്ടികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. റാന്നി ടീമിന്റെ വകയായി എല്ലാവർക്കും ക്രിസ്തുമസ് കേക്ക് കൊടുത്തു. യോഗത്തിനു ശേഷം മിസ് ലെയ ജോയ്സ്, കൊച്ചിയുടെ വകയായി സ്നേഹവിരുന്ന് ഒരുക്കിയിരുന്നു. കടന്നുവന്ന എല്ലാവരോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.കുട്ടികൾ സെക്കന്റെ ടേം പരീക്ഷക്കായ് ഒരുങ്ങുന്നു. തണുപ്പ് കൂടി കൂടി വരുന്നു. പല കുട്ടികൾക്കും പനി ബാധിച്ചിട്ടുണ്ട്. ദയവായി പ്രാർത്ഥിക്കുക. പരീക്ഷ കഴിഞ്ഞു അവർ അവധിക്കായി ഭവനങ്ങളിൽ പോകുമ്പോഴും ദൈവം അവരെ സൂക്ഷിക്കണം
ദൈവത്തിന് സകലമഹത്വം അർപ്പിച്ചുകൊണ്ട്
പ്രാർത്ഥനയോടെ


ക്രിസ്തുവിൽ
കെ. കെ കോശി

# 2026 ജനുവരി തലപ്പുഴ ആലയം

*പണികളുടെ പുരോഗതി വിലയിരുത്തുവാനും, തുടർന്നുള്ള പണികളെക്കുറിച്ച് ആലോചിക്കുവാനുമായി ഞങ്ങൾ ജനുവരി 16-ാം തീയതി വെള്ളിയാഴ്ച കൊയ്‌ലേരിയിലെത്തി. പാ : ബിജു വർഗ്ഗീസിനോടൊപ്പം ആലയം പണികൾ കണ്ടു. അന്നു വൈകിട്ട് താബോറിൽ വെച്ച് പണിക്കമ്മറ്റിയുടെ ഒരു മീറ്റിംഗ് കൂടി. പാ: വി.സി. ജേക്കബ് (കൺവീനർ) പാ: ബിജു വർഗ്ഗീസ് ബ്ര : ദീപക് രംഗനാഥ് പാ: ബോവസ് പാ : സാബു ജോൺ ഡോ: തോമസ് ഡേവിഡ് എന്നിവർ ഈ മീറ്റിംഗിൽ പങ്കെടുത്ത് പണികളുടെ സ്ഥിതിഗതികൾ വിലയിരുത്തി. ദൈവം അനുവദിച്ചാ ൽ 2026 മാർച്ചിൽ തന്നെ ആലയ പ്രതിഷ്ഠ Dedication ) നടത്തത്തക്കവണ്ണം പണികൾ തീർക്കുവാനും Dr. Muralidhar നോട് സംസാരിച്ച് അദ്ദേഹത്തിനു കൂടെ സൗകര്യ പ്രദമായ ഒരു തീയതി നിശ്ചയിക്കുവാനുമായി പാ: വി. സി. ജേക്കബിനെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രാർത്ഥനയോടെ മീറ്റിംഗ് സമാപിച്ചു. പിറ്റേന്ന്, 17-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ആടിക്കൊല്ലി ട്രൈബൽ മിഷൻ സെന്ററിൽ വെച്ചു നടന്ന വയനാട് ജില്ലയിലെ മിഷണറി / കുടുംബാഗങ്ങൾക്കു വേണ്ടി നടത്തിയ മീറ്റിംഗിൽ പങ്കെടുത്തു, ദൈവവചനം സംസാരിച്ചു. വളരെ സന്തോഷകരമായിരുന്ന ഈ മീറ്റിംഗിൽ പങ്കെടുക്കാൻ ദൈവം തന്ന അവസരത്തിനായി സ്തോത്രം ചെയ്യുന്നു. പാ: വി.സി. ജേക്കബ്, പാ : ബിജു വർഗ്ഗീസ് പാ: ബാലൻ എന്നിവരോടുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. തുടർന്ന് ഞങ്ങൾ ബെസലേൽ മിനിസ്ട്രിയുടെ മിഷൻ ഫീൽഡായ ജയപ്പുരയിലേക്ക് പോയി. പോകുന്ന വഴിയിൽ ട്രൈബൽ മിഷന്റെ HD Kote മിഷണറിയായ പാ: ഷേക്കപ്പാ ഞായറാഴ്ച വൈകിട്ട് ആരാധന നടത്തുന്ന കോളനിയിലെ ഒരു ഭവനത്തിൽ വെച്ചു നടത്തിയ പ്രത്യേക പ്രാർത്ഥനയിലും പങ്കെടുത്ത് വചനം സാക്ഷിച്ചു.*

# ഒരു സ്വപ്ന സാക്ഷാൽക്കാരം

## പാക്കുളം ചർച്ച്



ഫിനാൻസ് സെക്രട്ടറി
**കെ പൗലോസ് MA**

കേരളത്തിലെ ഏറ്റവും വലിയ ട്രൈബൽ ബെൽറ്റായ അട്ടപ്പാടിയിലെ പാക്കുളം സഭയിലെ വിശ്വാസികളുടെ ഒരു വലിയ സ്വപ്നമായിരുന്നു വിശാലമായിരുന്നു ദൈവത്തെ ആരാധിക്കുവാൻ ഒരു ദേവാലയം എന്നുള്ളത് എന്നാൽ ആ സ്വപ്നം പൂവണിയുവാൻ വലിയവനായ ദൈവം കൃപ ചെയ്തു. അതു സാദ്ധ്യമാക്കിത്തന്നത് ശ്രീമതി ലെറ്റിഷ ജോൺസൺ സഹോദരിയിൽ കൂടെ ബ്രദർ ജയദാസ് നാഗർകോവിൽ എന്ന വ്യക്തിയാണ്. ഇരുളർ വിഭാഗത്തിൽ ഉള്ള അനേകം ഗ്രാമങ്ങൾ ഇതിന്റെ ചുറ്റിലും സ്ഥിതി ചെയ്യുന്നു. കോയമ്പത്തൂർ - മണ്ണർക്കാട് ഹൈവേയിൽ നിന്നും സുമാർ 1 കിലോമീറ്റർ ഉള്ളിലേക്കുള്ള റോഡ് മാർഗ്ഗം ഇവിടെ എത്തിച്ചേരാവുന്നതാണ്. പുതുതായി പണി കഴിപ്പിച്ച ആലയത്തിന്റെ പ്രതിഷ്ഠാശുശ്രൂഷ 15.02.26 ഞായറാഴ്ച അനുഗ്രഹകരമായി നടത്തപ്പെടുവാൻ വലിയവനായ ദൈവം കൃപ ചെയ്തു.

അന്നേ ദിവസം 10.30 ന് ആലയത്തിന്റെ പ്രധാന കവാടത്തിൽ അവിടത്തെ വിശ്വാസികളും നാഗർ കോവിൽ നിന്നും ശ്രീമതി ലെറ്റിഷ ജോൺസണിന്റെ നേതൃത്വത്തിൽ കടന്നുവന്ന സഹോദരിമാരും ട്രൈബൽ മിഷന്റെ ചുമതലക്കാരും ഒത്തുചേർന്നു. അവർ ഒന്നിച്ച് വന്ദനം യേശുപര എന്ന സ്തോത്ര ഗാനം ആലപിച്ചു. ഡോ. കെ. മുരളീധർ ഈ ആലയം നമുക്കു ലഭിച്ച വിധങ്ങളെക്കുറിച്ച് ചുരുക്കമായി പ്രസ്താവിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ശ്രീമതി ലെറ്റിഷ ജോൺസൺ നാടമുറിച്ച് ആലയത്തെ ദൈവകരങ്ങളിൽ ഏൽപ്പിച്ചുകൊണ്ട് വാതിൽ തുറന്നുകൊടുത്തു. എല്ലാവരും പ്രാർത്ഥനയോടെ ദൈവത്തെ സ്തുതിച്ചുകൊണ്ട് ആലയത്തിനകത്തു പ്രവേശിച്ചു.

നാഗർ കോവിൽ നിന്നും കടന്നുവന്ന സഹോദരിമാർ തമിഴ് സ്തോത്രഗാനങ്ങൾ ആലപിച്ചു ദൈവത്തെ മഹത്വപ്പെടുത്തി. പിന്നീട് പാസ്റ്റർ പുഷ്പരഞ്ചൻ 121-ാം സങ്കീർത്തനം വായിച്ചു അല്പസമയം ആരാധനയ്ക്കായി ചിലവഴിച്ചു. പാസ്റ്റർ മാണി കുര്യാക്കോസിന്റെ പ്രാർത്ഥനക്കുശേഷം സഭയിലെ പാസ്റ്റർ പുഷ്പരഞ്ചൻ എല്ലാവർക്കുംസ്വാഗതം ആശംസിക്കുകയും തന്റെ അനുഭവസാക്ഷ്യം ചുരുക്കം വാചകങ്ങളിൽ പങ്കുവയ്ക്കുകയും ചെയ്തു. ഒറീസ്സയിൽ ഒരു ഹൈന്ദവ കുടുംബത്തിൽ ജനിച്ചുവളർത്തപ്പെട്ട താൻ ജോലിക്കായി അട്ടപ്പാടിയിലെ കമ്പനിയിൽ കടന്നുവന്നു. ഭാഗ്യവശാൽ ആ സമയത്ത് ലോകരക്ഷനായ യേശുവിനെ കണ്ടുമുട്ടുകയും സ്വീകരിക്കുകയും ചെയ്തു. അതിനുശേഷം താൻ ജോലി ഉപേക്ഷിച്ച്. ഭാര്യയോടും രണ്ടു മക്കളോടും ചേർന്നു ട്രൈബൽ മിഷന്റെ മിഷനറിയായി പാക്കുളം സഭയിൽ നിയമിതനായി ആരംഭസമയത്ത് അടുത്തുള്ള ഒരു ഭവനത്തിലെ 2 വിശ്വാസികൾ മാത്രമായിരുന്നു ഉണ്ടായിരുന്നത് സഭയിൽ ഇപ്പോൾ 3 വർഷത്തെ പ്രവർത്തനങ്ങളുടെ ഫലമായി 100 ൽ അധികം വിശ്വാസികൾ ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്നു.

അദ്ധ്യക്ഷൻ ശ്രീ മാത്യു ജേക്കബിന്റെ ആമുഖ പ്രസംഗത്തിനുശേഷം വളരെ ഹൃദയസ്പർശിയായ സാക്ഷ്യങ്ങൾ സഭയിലെ രണ്ടു വിശ്വാസികൾ പങ്കുവച്ചു. ചെല്ലമ്മ

എന്ന സഹോദരി ഉദരരോഗത്താൽ ഭാരപ്പെട്ടിരുന്നു അതു നിമിത്തം അവരുടെ ഭർത്താവ് തന്നെ ഉപേക്ഷിച്ചുപോയി മക്കൾ ലോകത്തിന്റെ മ്ലേച്ഛതയിൽ ജീവിക്കുന്ന അനുഭവം ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുന്നതിനു വരെ പ്രേരിപ്പിച്ചു. എന്നാൽ ആ സമയം പാക്കുളം സഭയിൽ ഒരു നാൾ കടന്നു വരികയും യേശുവിനെക്കുറിച്ചുള്ള സുവിശേഷം കേൾക്കുകയും പാസ്റ്റർ തനിക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു. പ്രാർത്ഥിച്ചതിന്റെ ഫലമായി ചെല്ലമ്മയുടെ രോഗംപൂർണ്ണമായി കർത്താവു സൗഖ്യമാക്കി. പിരിഞ്ഞു പോയ ഭർത്താവ് തിരിച്ചുവന്നു. ഇന്ന് അവർ കുടുംബമായി സ്നാനപ്പെട്ട് ദൈവസഭയുടെ അംഗങ്ങളായി തുടരുന്നു.

പിന്നീട് നഞ്ചപ്പൻ എന്ന സഹോദരനാണ് സാക്ഷ്യം പങ്കുവച്ചത്. തനിക്ക് ഭാര്യയും രണ്ടു മക്കളും ഉണ്ട് ഓരോ ദിവസവും ജോലി ചെയ്താൽ മാത്രമേ വീട്ടിൽ ആഹാരം ഉണ്ടാക്കുവാൻ കഴിയുകയുള്ളു. എന്നാൽ താൻ ഭയങ്കര മദ്യപാനിയായി കിട്ടുന്ന കാശ് മുഴുവൻ മദ്യത്തിനായി ചിലവഴിച്ച് വഴിയിൽ കിടക്കുന്ന അവസ്ഥയിൽ പാസ്റ്റർ തന്നെ വയനാട്ടിലെ ഡി അഡിക്ഷൻ സെന്ററിൽ കൊണ്ടുപോവുകയും മദ്യപാനത്തിൽ നിന്നും ദൈവം പൂർണ്ണമായി വിടുവിച്ചു ഇന്ന ആ കുടുംബം ക്രിസ്തുവിലുള്ള സന്തോഷം അനുഭവിച്ചുകൊണ്ട് സഭയിൽ ദൈവത്തെ ആരാധിക്കുന്നു.

അനുഗ്രഹിക്കപ്പെട്ട ഈ രണ്ടു സാക്ഷ്യങ്ങൾ ക്കുശേഷം ശ്രീമതി ലെറ്റിഷ ജോൺസൺ 2 രാജാ 6:1-3 വരെയുള്ള വാക്യങ്ങളെ ആധാരമാക്കി സഭയിലെ ഓരോ വ്യക്തികളും ദൈവീക ശുശ്രൂഷയിൽ വ്യാപൃതരായിരിക്കേണ്ട ആവശ്യത്തെക്കുറിച്ച് ഉൽബോധിപ്പിച്ചു. ബ്രദർ കെ കെ കോശി തുടർന്ന് ആശംസയായി ചില വാക്കുകൾ പ്രസ്താവിക്കുകയും പാട്ടുപാടി സ്തോത്ര കാഴ്ച സ്വീകരിക്കുകയും ചെയ്തു. തുടർന്ന് ഡോ. കെ മുരളീധർ സഭാ വിശ്വാസികളായ ഓരോരുത്തരുടേയും ചുമതലകളെ ഓർമ്മപ്പെടുത്തുകയും അതിനായി അവരെക്കൊണ്ട് ദൈവ സന്നിധിയിൽ പ്രതിജ്ഞ എടുപ്പിക്കുകയും ആലയത്തെ ദൈവകരങ്ങളിൽ പ്രതിഷ്ഠിച്ചുകൊണ്ട് പ്രാർത്ഥിക്കുകയും ചെയ്തു. ഫൈനാൻസ് സെക്രട്ടറി ശ്രീ. കെ പൗലോസ് കടന്നു വന്ന് ഏവർക്കുമുള്ള കൃതജ്ഞത രേഖപ്പെടുത്തി. പാസ്റ്റർ പുഷ്പരഞ്ചൻ പ്രാർത്ഥിച്ച് ആശീർവാദത്തോടെ യോഗം മംഗളമായിപര്യവസാനിച്ചു. കടന്നുവന്ന ഏവർക്കും വളരെ രുചികരമായഭക്ഷണവും നൽകപ്പെട്ടു.

ഈ പ്രാർത്ഥനാലയത്തിന്റെ നിർമ്മിതിയോടുള്ള ബന്ധത്തിൽ പ്രാർത്ഥിച്ചവർ, വിവിധ നിലകളിൽ സഹായസഹകരണങ്ങൾ നൽകിയവർ, വിശേഷാൽ നാഗർകോവിൽ നിന്നും ശ്രീമതി ലെറ്റിഷ ജോൺസൺന്റെ നേതൃത്വത്തിൽ കടന്നുവന്ന സഹോദരിമാർ പാക്കുളം സഭയിലെ പാസ്റ്റർ അടക്കം എല്ലാ വിശ്വാസികൾ എന്നിവർക്കും മുഴുവൻ സാമ്പത്തിക സഹായവും നൽകി സഹായിച്ച ശ്രീ. ജയദാസ് നാഗർകോവിൽ അവർകളോടും ട്രൈബൽ മിഷന്റെ നാമത്തിലുള്ള നന്ദിയും സ്നേഹവും അറിയിച്ചുകൊണ്ടും വലിയവനായ ദൈവത്തെ സ്തുതിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നു.

(ഫോട്ടോ കവർ പേജിൽ)





# പ്രാർത്ഥനാ കലണ്ടർ 2026

## ഫെബ്രുവരി - മാർച്ച്



1. ഈവർഷത്തെ മിഷനറി റീട്രീറ്റ് ഏപ്രിൽ മാസത്തിൽ അട്ടപ്പാടിയിലുള്ള ബഥനി സ്കൂൾ ക്യാമ്പസിൽ വച്ച് നടക്കുന്നതിന് താല്പര്യപ്പെടുന്നു. അനുകൂലമായ കാലാവസ്ഥ ഉണ്ടാകേണ്ടതിനും മിഷനറിമാർ എല്ലാവരും സംബന്ധിക്കേണ്ടതിനും നല്ല ആത്മീയ അന്തരീക്ഷം ഉണ്ടാകേണ്ടതിനും പ്രത്യേകമായി പ്രാർത്ഥിക്കണം.
2. ട്രൈബൽ മിഷൻ വാർഷീക കൺവെൻഷൻ ഏപ്രിൽ മാസം 24,25,26 തീയതികളിൽ നാഗർകോവിൽ വച്ച് നടക്കുന്നു ഇതിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കണം. നല്ലകാലാവസ്ഥക്കായി സംഘാടകർക്കായി പ്രാർത്ഥിക്കണം.
3. ട്രൈബൽ മിഷൻ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുകയും പ്രാർത്ഥനയിൽ വഹിക്കുകയും ചെയ്തവർക്കായി പ്രത്യേകം പ്രാർത്ഥിക്കാം അവരെ ദൈവം അനുഗ്രഹിക്കട്ടെ.
4. ട്രൈബൽ മിഷൻ മിഷനറിമാർക്കായി സഭകൾക്കായി പ്രത്യേകം പ്രാർത്ഥന ചോദിക്കുന്നു. ആത്മീക വളർച്ചയിലേക്ക് സഭ വരേണ്ടതിന് പ്രത്യേകം പ്രാർത്ഥിക്കുക.
5. ബഥനി ബാലഭവൻ, ബഥനി ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ സ്റ്റാഫ്, സ്റ്റുഡൻസ്, എന്നിവർക്കായി പ്രത്യേകം പ്രാർത്ഥന ചോദിക്കുന്നു. ബാലഭവന്റെ പ്രവർത്തനങ്ങൾ അനുഗ്രഹകരമാകേണ്ടതിനും പ്രാർത്ഥിക്കുക.
6. തിരുവനന്തപുരം ജില്ലയിലെ ആനപ്പാറയിൽ പ്രവർത്തിച്ചുവരുന്ന സ്കൂളിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹമാക്കുന്നതിന് പ്രാർത്ഥിക്കുക.
7. വയനാട്ടിലുള്ള തൃശ്ശിലേരിയിൽ പ്രവർത്തിച്ചുവരുന്ന ബൈബിൾ സ്കൂളിന്റെ പ്രവർത്തനങ്ങളെ ഓർത്തു പ്രാർത്ഥിക്കുക.
8. ട്രൈബൽ മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയേയും, പ്രവർത്തനങ്ങളെയും, പ്രവർത്തകരേയും ഓർത്ത് പ്രാർത്ഥിക്കുക.
9. പെരുമ്പാവൂരിൽ ഉള്ള മിഷന്റെ ഹെഡ് ഓഫീസിലെ പ്രവർത്തകരെ ഓർത്ത് പ്രാർത്ഥിക്കുക.
10. ട്രൈബൽ മിഷന്റെ പ്രസിദ്ധീകരണമായ ട്രൈബൽ ന്യൂസിന്റെ പ്രവർത്തനങ്ങളെ ഓർത്തും എഡിറ്റർ പാസ്റ്റർ ജയദാസിനെ ഓർത്തും പ്രാർത്ഥിക്കുക.
11. രാജസ്ഥാൻ – ബിജോരിയിൽ പ്രവർത്തിക്കുന്ന മിഷനറി ഗൗതം ലാൽ കുടുംബം, കൂട്ടുപ്രവർത്തകർ, സ്കൂളിന്റെയും മിഷൻ ഫീൽഡിന്റേയും പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക.
12. കർണ്ണാടകയിൽ ഉള്ള മൂന്ന് സഭകൾക്കായും പ്രവർത്തകർക്കായും പ്രാർത്ഥിക്കുക.
13. തമിഴ്നാട്ടിൽ പ്രവർത്തിച്ചു വരുന്ന നമ്മുടെ മിഷനറിമാരെ ഓർത്തു പ്രാർത്ഥിക്കുക.

---

**നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾ ഞങ്ങളെ അറിയിക്കുക.**

***ഞങ്ങൾ നിങ്ങൾക്കായി പ്രാർത്ഥിക്കുന്നതാണ് : ഫോൺ : 9747442935***

# കാടിന്റെ മക്കൾ–12

റ്റി. ജയദാസ് കളരിയ്ക്കൽ, ഫോൺ : 9747442935

## അട്ടപ്പാടി

ആകെ ആദിവാസി ഗ്രാമങ്ങൾ - 192

1. വിഭാഗങ്ങൾ
   - ഇരുളർ
   - മുഡുകർ
   - കുറുമ്പർ
2. വിശ്വാസികൾ

| | | |
|---|---|---|
| ഇരുളർ | - | 1500 |
| മുഡുകർ<br>കുറുമ്പർ | - | 500 |

3. മിഷനറിമാർ

| | | |
|---|---|---|
| ഇരുളർ | - | 15 |
| മുഡുകർ | - | 5 |
| കുറുമ്പർ | - | 2 |

4. ഓരോ ഗോത്രങ്ങളുടെയും ആത്മിക പശ്ചാത്തലങ്ങൾ

**ഇരുളർ**

മരിച്ചുപോയ പൂർവ്വപിതാക്കളെ ആരാധിക്കുന്നു. ഇവർക്കായി കർമ്മങ്ങളും പൂജകളും ചെയ്തുവരുന്നു. ജീവിച്ചിരുന്നപ്പോൾ പിതാക്കന്മാർക്ക് ഇഷ്ടമായിരുന്ന ഭക്ഷണപദാർത്ഥങ്ങൾ മരണശേഷവും അവർക്കായി ഒരുക്കി



വയ്ക്കുന്നു. ഇത് കഴിച്ച് അവർ തൃപ്തരായാൽ അനുഗ്രഹമായി എന്നിവർ ചിന്തിക്കുന്നു. ഇപ്രകാരം ചെയ്തില്ല എങ്കിൽ പരേതാത്മാക്കളുടെ കോപം ഉണ്ടാകും എന്ന് കരുതുന്നു. പൂജകൾ നടത്തുന്നതിന് തെങ്ങിൻ ഓലകൊണ്ട് മേഞ്ഞ പ്രത്യേക പ്രാർത്ഥനാമുറി ഉണ്ടാക്കാറുണ്ട്. തെങ്ങിൻ ഓല മെടഞ്ഞ് എടുക്കുന്നതിന് ആദിവസി ഭാഷയിൽ 'അട്ട' എന്നു പറയാറുണ്ട് പാടി എന്ന് സ്ഥലത്തിനും പറയുന്നു. ഇപ്രകാരമാണ് 'അട്ടപ്പാടി' എന്ന് പേർ ഉണ്ടായതെന്ന് ചിലർ പറയുന്നു. മറ്റ് ചിലർ ജീവനുള്ള രക്തം കുടിക്കുന്ന അട്ടകൾ നിറയെ ഉള്ള പ്രദേശമാകയാൽ അട്ടപ്പാടി എന്ന് പേർ വന്നു എന്നും പറയുന്നു.

സ്വർഗ്ഗം - നരകം എന്നിവ സംബന്ധിച്ച് ഇരുളർ വിശ്വസിക്കുന്നത് നല്ല പ്രവർത്തികൾ ചെയ്താൽ നല്ല വിശ്രമസ്ഥലം ലഭിക്കുമെന്നും മോശം പ്രവൃത്തികൾ ചെയ്താൽ അഗ്നികുണ്ഡം , പുഴു കുണ്ഡം എന്നീ സ്ഥലങ്ങളിൽ പെടുമെന്നും വിശ്വസിക്കുന്നു.

രോഗദുഃഖങ്ങൾ മാറുന്നതിന് ഒരു വലിയ മൺപാത്രമെടുത്ത് അതിൽ ചോറും പണവും ഒക്കെ എടുത്തുവച്ച് അപരാധങ്ങൾ പൊറുക്കണമേ എന്ന് അപേക്ഷിച്ച് കാരണവന്മാർക്ക് നിവേദിച്ചാൽ അനുഗ്രഹവും ഉണ്ടാകുമെന്ന് കരുതുന്നു.

**മരണം**

ഒരു മരണം സംഭവിച്ചാൽ ഊര് മൂപ്പൻ ഒരു വടി കൊടുത്ത് 2 പേരെ ഗ്രാമത്തിലെ ആളുകളെ അറിയിപ്പാനായി അയക്കും. തുടർന്ന് പൂജാരിവന്ന് ചെറുകാടപ്പള്ളിയിൽ (പ്രത്യേകം തയ്യാറാക്കിയ സ്ഥലം) വന്ന് പൂജകൾ നടത്തും. സാധാരണയായി ആരെങ്കിലും വന്നു ചേരുവാനുണ്ടെങ്കിൽ 2 ദിവസം വരെ പഴയ കാലങ്ങളിൽ ഫ്രീസർ പോലുമില്ലാതെ ശവം വച്ചിരിക്കും. ഈ സമയങ്ങളിൽ ശവപ്പാട്ടും നൃത്തവും ഉണ്ടായിരിക്കും. 6 മാസമോ മറ്റോ കഴിയുമ്പോൾ എല്ലാവരും ഒരുമിച്ചുകൂടി ശവപ്പാടുകൾ പാടി കഴിഞ്ഞ് എല്ലാവർക്കും ഭക്ഷണം കൊടുക്കുന്നു. ഈ ഭക്ഷണത്തിൽ

ഉപ്പ് ചേർക്കാൻ പാടില്ല എന്ന നിയമം ഉണ്ട്. മരിച്ചുപോയ ആളിന്റെ ഭവനക്കാർക്ക് ഒരു ധന ശേഖരണം നടത്തികൊടുക്കുന്നു ഇതിൽ പൂജാരിയും മൂപ്പനും ഒരു വിഹിതമുണ്ടായി രിക്കും.

ഇരുള വിഭാഗത്തിൽ നിന്നും ഇപ്പോൾ 1500 പേർ വിശ്വാസത്തിൽ വന്നിട്ടുണ്ട്. ഇവരിൽ നിന്നും 15 പേർ മിഷനറിമാർ ആയിരിക്കുന്നു.

## കുറുമ്പർ

പഴകാലങ്ങളിൽ ഇവർ ഉൾവനങ്ങളിൽ താമ സിച്ചുവന്നിരുന്നു. പലഭാഗങ്ങളിലായി താമ സിച്ചുവന്നിരുന്ന ഇവർ ഒരുമിച്ചു കണ്ടുമുട്ടി വ്യത്യസ്ഥമായ ആചാരങ്ങൾ ഇവർക്കിടയിൽ ഉണ്ട്. കുലദൈവത്തിലാണ് വിശ്വസിച്ചുവരു ന്നത് പക്ഷെ ഇതിന്റെ പേരായി പറഞ്ഞുവ രുന്നത് 'പേയ്' എന്നാണ്.


ഓരോ കുലത്തിനും പേയ് ഉണ്ട് മറ്റ് ദൈവ ങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. ഇപ്പോൾ മറ്റു ള്ളവയും കണ്ടുവരുന്നു.

മനുഷ്യന് മരണശേഷം മറ്റൊരു ലോകം ഉണ്ടെന്ന് ഇവർ വിശ്വസിക്കുന്നു. മരിച്ചവർക്ക് അങ്ങോട്ടുപോകുവാനുള്ള ക്രമീകരണങ്ങൾ ചെയ്തു കൊടുക്കുന്നത് ഭൂമിയിൽ ജീവിച്ചി രിക്കുന്നവരാണ് അതിന്റെ ഭാഗമായിട്ടാണ് ആട്ടവും പാട്ടും ഒക്കെ നടത്തുന്നത്.

മരണശേഷം 2 സ്ഥലങ്ങളിൽ ആത്മാവ് എത്തുന്നതായി ഇവർ കരുതുന്നു. (1) 'പച്ച ചാവ് കർമ്മങ്ങൾ ഒക്കെ ചെയ്യു മ്പോൾ പുതിയ സ്ഥലത്തിന്റെ വരാന്തയിൽ അവർ എത്തുന്നു. അകത്ത് കയറാൻ അനുവാദമില്ല. രണ്ടാമത്തെകർമ്മം- മരിച്ച ആളുടെ എല്ലിൻ കഷ്ണം കുഴിച്ചെടുത്ത് 7 ദിവസം പൂജകൾചെയ്യും ഇതു കഴി ഞ്ഞാലെ അവർക്ക് അകത്തേ ക്കുള്ള പ്രവേശനം സാദ്ധ്യമാകു. ഇപ്രകാരം ചെയ്യുന്നില്ലയെങ്കിൽ അത് മരിച്ചവരോടുള്ള അനാദര വായി നന്ദികേടായി കാണുന്നു. പേയ്നോടൊത്തു പ്രാർത്ഥനകൾ ഇതിന്റെ ഒക്കെ ഭാഗമായിരിക്കും ഭൂമിയിലെ കാര്യങ്ങൾ പേയ് നിയന്ത്രിക്കുന്നുവെന്നും വിശ്വസിക്കുന്നു.

ഉന്നതികളിൽ എന്തെങ്കിലും വിഷയങ്ങൾ ഉണ്ടാകുമ്പോൾ അതിന്റെ കാരണം പേയ്ന്റെ കോപമാണ് എന്നു കരുതിവരുന്നു. മനുഷ്യനെ ദൈവം ഒരു പിടി മണ്ണെടുത്ത് ഉണ്ടാക്കി എന്നും വിശ്വസിക്കുന്നു. ഈ ദൈവം ജ്വലി ക്കുന്ന അഗ്നി ആണെന്നും അവിടേക്ക് മനു ഷ്യന് പോകാൻ സാദ്ധ്യമല്ല എന്നും വിശ്വസി ക്കുന്നു. ദൈവത്തിൽ നിന്നും കിട്ടിയ 9 കല്പ നകളിൽ ഒന്ന് കൈമോശം വന്നു പോയെന്നും ബാക്കി പഠിച്ചവനെ ഉത്തമകുറുമ്പൻ ആയിരി ക്കുവാൻ കഴിയു എന്നും പറയുന്നു.

സൂര്യചന്ദ്രന്മാരെ നിർമ്മിച്ച് മഴ പെയ്യിക്കുന്ന സർവ്വ ശക്തനായ ഒരു ദൈവം ഉണ്ടെന്നാണ് കുറുമ്പൻ വിശ്വസിക്കുന്നു. കുറുമ്പൻ 8 ഭാഷ കളിൽ ഉണ്ട്. തമിഴ്നാട്ടിലുള്ളവർ 'വെറ്റ കുറു മ്പർ' വിഭാഗത്തിൽപ്പെടുന്നു.'പാൽകുറുമ്പർ ' വിഭാഗക്കാർ ആണ് അട്ടപ്പാടിയിൽ ഉള്ളത്. ബൈബിൾ പഴയ നിയമപുസ്തകവുമായി സാമ്യമുള്ള കൃഷിയിടത്തിലെ ആദ്യഫലം കൊണ്ടുവന്ന് കാഴ്ചവയ്ക്കുന്നു ലേവ്യപുസ്ത കത്തിൽ പറയുന്നതുപോലെ, സ്ത്രീയുടെ ആർത്തവ ശുദ്ധീകരണ നിയമം, പ്രസവം ഇവ യൊക്കെ അനുവർത്തിക്കുന്ന സംസ്കാരം കുറമ്പർക്കുണ്ട്.



# പദപ്രശ്നം 17

(റ്റി.യു ഉതുപ്പ്, തിരുവനന്തപുരം)

**ശ്രദ്ധിക്കുക :**

ഉത്തരങ്ങൾ രണ്ടു രീതിയിൽ അയക്കാം. സൂചനകൾ നോക്കി വലത്തോട്ടുള്ളവ വേറെയും താഴോട്ടുള്ളവ വേറെയും വ്യക്തമായി കാണിച്ച് അയക്കാം അല്ലെങ്കിൽ ഒരു പോസ്റ്റ് കാർഡിൽ കോളങ്ങൾ വരച്ച്, കോളങ്ങൾ പൂരിപ്പിച്ച് അയക്കാം. അയക്കേണ്ട വാട്ട്സ് ആപ്പ് നമ്പർ 8714484527. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി 2025 മാർച്ച് 30.

| | | | | | |
|---|---|---|---|---|---|
| 1 | | | 2 | | |
| 3 | | 4 | 10 | | |
| 5 | | | | 6 | 12 |
| | 7 | 9 | 11 | | |
| | | | | 8 | |

## സൂചനകൾ (Clues)

**വലത്തോട്ട്**

1 ഇതുകൊണ്ടാണ് മനുഷ്യൻ ആദ്യം നാണം മറച്ചത്(4)
2. മദ്യം കഴിച്ചാൽ ഇതു പിടിക്കും (3)
3. യെരുശലേം ദേവാലയും പണിയാൻ ശലോമോന് തടി നൽകിയ രാജാവ് (2)
4. ശൗലിനെ രാജാവായി അഭിഷേകം ചെയ്തയാൾ (4)
5. ശദ്രിക്, അബേദ്നഗോ എന്നിവർക്കൊപ്പം തീയിൽ എറിയപ്പെട്ടവൻ (3)
6. തീകത്തുമ്പോൾ ഉയരുന്നത് (2)
7. ദുഷ്പേര് (5)
8. ആദ്യത്തെ മനുഷ്യൻ (2)

**താഴേക്ക്**

1. ദാവീദിനെ സഹായിച്ച നോബിലെ പുരോഹിതൻ (5)
7. തീ (2)
9. വൈരാഗ്യം (2)
10. വിദ്വാന്മാർ യേശുകുഞ്ഞിന് കാഴ്ചവെച്ച വസ്തുക്കളിൽ ഒന്ന് (2)
11. ശൗൽ രാജാവിന്റെ പിതാവ് (2)
12. മുറിക്കുവാൻ ഉപയോഗിക്കുന്ന ഉപകരണം (2)

### പദപ്രശ്നം 15 ലെ ഉത്തരങ്ങൾ

**വലത്തോട്ട്-** 1. ആരാധന 2. നയീൻ 3. ഹാരം 4. നയമാൻ 5. തിര 6. രണവീരൻ

**താഴേക്ക് -** 1. ആഹാബ് 2. നയമാൻ 7. സ്തുതി 8. കുതിര 9. ധനവാൻ 10. മാമോൻ 11. കയീൻ

പദപ്രശ്നം 15 ൽ 16 പേർ പങ്കെടുത്തു, 9 പേർ എല്ലാം ശരിയാക്കി

### എല്ലാം ശരിയുത്തരം അയച്ചവർ

1. Sr.ദീനാ പ്രവീൺ, കരുളായി
2. Sr. സുലു പീറ്റർ, പെരുമ്പാവൂർ
3. Sr.എലിസബത്ത് അലക്സ്, അയിരൂർ
4. Sr. സുശീല ഡേവിഡ് വിതുര
5. Sr.സിജി കടയ്ക്കനാട്
6. ശ്രീ. തോമസ് വട്ടക്കാട്ട്, മണർക്കാട്
7. Sr.അനിതാ ബഞ്ചമിൻ, കുളത്തുപ്പുഴ
8. Sr. നിഷ ജോസ് ചെങ്ങന്നൂർ
9. Sr.വിൻസി മനോജ് നിലമ്പൂർ

എല്ലാവർക്കും അഭിനന്ദനങ്ങൾ

# 'ദൈവത്തിനു കടം കൊടുക്കുന്നവർ'

കർത്താവിൽപ്രിയരെ ,

കഴിഞ്ഞ 3 മാസങ്ങളിൽ ബഥനിബാലഭവനിൽ സ്നേഹവിരുന്ന് നൽകിയവരുടെ പേരു വിവരം താഴെ ചേർക്കുന്നു. അവരോടുള്ള നന്ദിയും കടപ്പാടും പ്രത്യേകം അറിയിക്കുന്നു.

| Sl No. | Date | Occasion | Love Feast Sponsored by | Food Given |
|---|---|---|---|---|
| 1 | 20.12.25 | Rebecca Prayer Fellowship - Christmas Celebration | Renecca Prayer fellowship, Coimbatore | Fried Rice & Chicken Pickle, Cake |
| 2 | 09.01.26 | Grand Daughter's Arrival- Birthday | Mrs. Molly Cheriyan and Family, Ekm | Fried Rice & Chicken |
| 3 | 31.01.26 | Birth day of Dr. Paul George, Wedding aniiversary of Dr. Paul & Sarah, and Mr. Shyam &Sharon, BBB Annual Day | Dr. Paul & Sarah and Mr. Shyam & Sharon and Dr. Thomas David, Tvm | Porota, Chappathy & Chicken Curry, Salads, Sweeets |
| 4 | 06.02.26 | Birthday Simon Issac, Br Vimal Rajamony | Issac & Family, Valparai, Sr. Suchila David | Chicken Curry With Full Meals |
| 5 | 13.02.26 | Birthday Pr John Mathew | Pr.John Mathew, Mrs Gracy and Family, TVM | Fried Rice & Chicken Curry |
| 6 | 24.02.26 | Good Will | Miss Mable Joseph, Nilambur | Fish Curry , Full meals |
| 7 | 27.02.26 | Birthday Christina Eltho Lissy | Mr. Eltho Varhese & Mrs Lissy Paul, Kuruppampady | Fried Rice & Chicken |

'എളിയവനോട് കൃപ കാട്ടുന്നവൻ യഹോവയ്ക്കു വായ്പ കൊടുക്കുന്നു ' (സദൃശ്യവാക്യങ്ങൾ 19:17)

കെ. കെ. കോശി

Our bank Account Name : TRIBAL MISSION

Account number : 1656101013972

Bank & Branch : Canara Bank, Anaikatty Branch

IFSC CODE : CNRB0001656

PLEASE SEND YOUR KIND DONATIONS ONLY FROM INDIAN BANKS ACCOUNTS IN INDIAN RUPEES.

DO NOT FORGET TO SEND THE TRANSFER DETAILS IMMEDIATELY by WhatsApp. 9207033809

# മിഷൻ ഫീൽഡ് പ്രാർത്ഥനാ വിഷയങ്ങളും പ്രവർത്തനങ്ങളും

## പേരിയ മിഷൻ സെന്റർ

പേരിയ ദൈവസഭയുടെ പ്രവർത്തനങ്ങൾ ദൈവകൃപയാൽ അനുഗ്രഹമായി പോകുന്നു.

**ഞായർ ആരാധന** : എല്ലാ ഞായറാഴ്ചകളിലും 10 മണി മുതൽ 12.30 വരെ ആരാധന നടന്നു വരുന്നു. 30 പേരോളം ആളുകൾ കടന്നുവരുന്നു. പ്രാർത്ഥിക്കുകയും , പാട്ടുകൾ പാടിയും ദൈവത്തെ മഹത്വപ്പെടുത്തുന്നു. ആരാധന സമയത്ത് കുഞ്ഞുങ്ങൾക്കുവേണ്ടി പ്രത്യേക സമയം മാറ്റിവയ്ക്കുകയും അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുന്നു. എഴുന്നേറ്റ് അവർ വാക്യം പറയുകയും ചെയ്യുന്നു.

**ഭവനപ്രാർത്ഥന** : എല്ലാ ബുധനാഴ്ചകളിലും ഭവന പ്രാർത്ഥന നടക്കുന്നു. ഈ പ്രാർത്ഥനകൾ നടക്കുന്നതു മൂലം അവരുടെ ആത്മീയ ജീവിതത്തിന്റെ നിലവാരം വ്യത്യാസം വരുന്നത് കാണാൻ കഴിയുന്നു.

എല്ലാ പ്രാർത്ഥനയിലും വ്യക്തിപരമായി പ്രാർത്ഥിക്കുന്നുണ്ടോ എന്ന് ചോദിക്കാറുണ്ട്

**ബൈബിൾ വായന** : ബൈബിൾ വായിക്കുന്നുണ്ടോ വായിച്ചവർക്ക് അതിൽ നിന്ന് എന്ത് മനസ്സിലായി എന്ന് ചോദിക്കുകയും അവരെക്കൊണ്ട് പറയിപ്പിക്കുകയും അത് കൂടുതലായി പറഞ്ഞുകൊടുക്കുന്നു.

**റീ ഹാബിലേഷൻ സെന്റർ** : പേരിയ ദൈവ സഭയിൽ നിന്ന് 5 പെൺകുട്ടികൾ പടമല ചർച്ചിൽ 3 മാസത്തേക്ക് ഫെബ്രുവരിമാസം കടന്നുപോവുകയും ചെയ്തു. ബൈബിൾ പഠനത്തിലും പ്രാർത്ഥനയിലും മുന്നേറിവരുന്നു.

**സംയുക്ത ഉപവാസ പ്രാർത്ഥനയും ആരാധനയും.**

ജനുവരി മാസം 23,24,25 വെള്ളി ശനി ഞായർ ദിവസങ്ങളിൽ പേരിയ ദൈവസഭയും, തലപ്പുഴ ദൈവസഭയും ചേർന്ന് ഉപവാസ പ്രാർത്ഥന പടമലയിൽ വെച്ച് നടത്തുന്നു. ദൈവദാസന്മാർ ക്ലാസ്സുകൾ നയിച്ചു. ഞായറാഴ്ച പടമല സഭയിലെ വിശ്വാസികളും ചേർന്ന് ആരാധനയായ് കൂടി. അന്നത്തെ ദിവസം അഥിതികളായ് 2 ദൈവദാസന്മാർ കടന്നുവരികയും ചെയ്തു. 3 ദിവസത്തെ പ്രാർത്ഥന എല്ലാവരുടെയും ആത്മീയ ജിവിതത്തിന് മാറ്റം വരികയും ചെയ്തു. ആലയത്തിന്റെ പണിയോടനുബന്ധിച്ച് തിങ്കളാഴ്ച ബാത്റൂമിന്റെ പണി തുടങ്ങുവാൻ ദൈവം സഹായിച്ചു തുടർന്ന് അവിടുത്തെ വേലയുടെ വിശാലതയ്ക്കും ആലയത്തിന്റെ പണിക്കായ് പ്രാർത്ഥിക്കണമേ എന്ന് അപേക്ഷിക്കുന്നു.

## വയനാട് കാട്ടിക്കുളം മിഷൻ സെന്റർ

ദൈവത്തിന് മഹത്വമുണ്ടാകട്ടെ

കാട്ടിക്കുളം ദൈവസഭയുടെ ആത്മീയ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടക്കുന്നു. കഴിഞ്ഞ ഒരു മാസത്തെ ആത്മീയ പ്രവർത്തനങ്ങളെ വഹിച്ചും രോഗികളായവരുടെ സൗഖ്യത്തിനായും ദൈവസഭയിൽ കടന്നു വരുന്ന വിശ്വാസികളുടെ നിലനിൽപ്പിനായും കഴിഞ്ഞ മാസത്തെ രക്ഷാ ക്യാമ്പിന് പോയി മടങ്ങി വന്ന വിശ്വാസികളുടെ നിലനിൽപ്പിനായും പുതിയതായി ആളുകൾ കടന്നു വരുവാനായി പ്രാർത്ഥന ആവശ്യപ്പെട്ടിരുന്നു. പ്രാർത്ഥനയുടെ ഫലമായി പിൻമാറ്റത്തിലായിരുന്ന മാധവൻ ഭാര്യ സ്വർണ്ണ എന്നിവർ മടങ്ങിവരുവാൻ ഇടയായി അപ്പോൾ തന്നെ 22.02.2026 ന് നടക്കുന്ന രക്ഷാക്യാമ്പിന് ഒരു കുടുംബവും കടന്നുവരുവാൻ താല്പര്യപ്പെട്ടിട്ടുണ്ട്. പ്രാർത്ഥിച്ച എല്ലാ ദൈവദാസന്മാർക്കും, മിഷൻ ഭാരവാഹികൾക്കും സപ്പോർട്ട് ചെയ്യുന്ന കുടുംബങ്ങൾക്കും ദൈവനാമത്തിൽ സ്നേഹവും നന്ദിയും അറിയിക്കുന്നു. വീണ്ടും ദൈവസഭയുടെ വിശാലതയ്ക്കുവേണ്ടി പ്രാർത്ഥന ആവശ്യപ്പെടുന്നു. ഇപ്പോൾ പുതുതായി പ്രവർത്തിക്കുന്ന മദ്യപാടി ഉന്നതിയിൽ നിന്നും ഇരുപതുപേരോളം പ്രാർത്ഥനക്ക് കടന്നു വരുന്നുണ്ട്. അവിടെ എല്ലാ ചൊവ്വാഴ്ചയും ഭവനകൂട്ടായ്മ നടക്കുന്നുണ്ട് ഇനിയും ആ ഉന്നതിയിൽ നിന്നും അനേകം കുടുംബങ്ങൾ കടന്നുവരുവാൻ പ്രാർത്ഥന ആവശ്യപ്പെടുകയാണ്.

*മിഷനറി പ്രസാദ് സി എം*

## വയനാട്, തൃശ്ശിലേരി മിഷൻ സെന്റർ

ദൈവകരുണയാൽ തൃശ്ശിലേരി ദൈവസഭ അനുഗ്രഹകരമായിരിക്കുന്നു. നാളിതുവരെ നടത്തിയ ദൈവത്തിന് മുഴുവൻ മഹത്വവും അർപ്പിക്കുന്നു. കൈതവള്ളി, സെറ്റിൽമെന്റ് എന്നീ കോളനികളിൽ പോയി സുവിശേഷം അറിയിക്കുവാനും ക്യാമ്പിനെക്കുറിച്ച് പറയുവാനും ക്ഷണിക്കുവാനും ചെയ്യുന്നതിന് കർത്താവ് സഹായിച്ചു. അവർ കടന്നുവരുന്നതിനായി പ്രാർത്ഥനയെ ചോദിക്കുന്നു. മാതനച്ചൻ വളരെ രോഗവാസ്ഥയിലായിരിക്കുന്നു. ദൈവഹിതം നിറവേറേണ്ടതിനായി പ്രാർത്ഥിക്കണമേ. കൂടാതെ വാർദ്ധക്യത്തിലായിരിക്കുന്ന മാതാപിതാക്കളേയും ഓർത്ത് പ്രാർത്ഥിക്കണമേ. കുഞ്ഞുങ്ങളെ ഓർത്ത് പ്രാർത്ഥിക്കണമേ ഇതിനുമുമ്പ് രവി എന്ന സഹോദരനെ ക്കുറിച്ച് പ്രാർത്ഥന ആവശ്യപ്പെട്ടിരുന്നു. എല്ലാ പ്രിയമുള്ളവരുടേയും പ്രാർത്ഥനയുടെ ഫലമായി ഒരു

പാട് സൗഖ്യം ദൈവം നൽകി വീണ്ടും പ്രാർത്ഥിക്കണമേ എന്ന് വിശ്വസ്തതയോടെ

*പാസ്റ്റർ ജിജി കെ എസ്*

## അട്ടപ്പാടി, നക്കുപതി മിഷൻ സെന്റർ

കർത്താവിന്റെ കൃപയാൽ നക്കുപതി മിഷൻ സെന്ററിന്റെ പ്രവർത്തനം അനുഗ്രഹമായി നടന്നു വരുന്നു. ചർച്ചിൽ ആരാധനകളും, ഉപവാസ പ്രാർത്ഥനകളും വീടു സന്ദർശനം എന്നീ പ്രവർത്തനം അനുഗ്രഹമായി നടക്കുന്നു. കർത്താവിനെക്കുറിച്ച് കേൾക്കുവാൻ അനുഗ്രഹത്തത്തോടെയും ആവേശത്തോടെയും ഊരുകളിൽ ആദിവാസികൾ കാത്തിരിക്കുന്നു. ഞങ്ങൾ ടീം ആയി 8 പേരാണ് പോകുന്നത്. ഞങ്ങൾ കണ്ടുമുട്ടുന്ന വ്യക്തികൾ വളരെ സന്തോഷത്തോടെ കർത്താവിനെക്കുറിച്ച് കേൾക്കുവാൻ തയ്യാറാണ്. ഞങ്ങൾ വളരെ സന്തോഷത്തോടെ യേശുക്രിസ്തുവിനെക്കുറിച്ച് പറയുകയും കേൾക്കുന്നവരെ അടുത്തുള്ള ട്രൈബൽ മിഷൻ ചർച്ചിൽ ആരാധനയ്ക്കു പോകുവാൻ പറയും പലരും ആരാധനയ്ക്ക പോകുന്നുണ്ട് അതുകൊണ്ട് വളരെ അനുഗ്രഹകരമായ രീതിയിൽ ആണ് ടീം വർക്കും നടക്കുന്നത്. നക്കുപ്പതി ചർച്ചിൽ വിശ്വാസികൾ പുതുതായി കടന്നു വരുന്നവർക്ക് വേണ്ടിയും പ്രാർത്ഥിക്കുക. എന്റെ മകളുടെ എംഎൽ റ്റിയുടെ പരീക്ഷ നടക്കുവാൻ ഇരിക്കുന്നു ദയവുചെയ്ത് പ്രാർത്ഥിക്കുക. അട്ടപ്പാടിയിലും തമിഴ്നാട്ടിലും അനേക ഊരുകൾ ഉണ്ട് ഞങ്ങൾ എത്തിപ്പെടാത്ത ഊരുകൾ ഇപ്പോഴും അട്ടപ്പാടിയലും തമിഴ്നാട്ടിലും ഉണ്ട്. ടീം വർക്കുകൾ ഇവരുടെ അടുക്കൽ എത്തിപ്പെടുവാൻ വേണ്ടി പ്രാർത്ഥിക്കുക.

*പാസ്റ്റർ നഞ്ചൻ*
*പാസ്റ്റർ ജിജി കെ എസ്*

## വട്ടലക്കി മിഷൻ സെന്റർ

ദൈവ കൃപയാൽ വട്ടലക്കി മിഷൻ സെന്ററിലെ സുവിശേഷവേല അനുഗ്രഹമായി നടക്കുന്നു. പാസയമ്മാൾ എന്ന അമ്മ നെഞ്ചുവേദന കൈകാൽ വേദനയായി ഭാരപ്പെട്ട് സുഖത്തിനുവേണ്ടി പ്രാർത്ഥിച്ചു ദൈവം വിട്തല തന്നു.

പാസ്റ്റർ ജോണിന് കാലിൽ മുറിവ് ഷുഗർ രോഗം സുഖം ആകാൻ വേണ്ടി പ്രാർത്ഥിച്ച് ദൈവം അത്ഭുതമായി സുഖം തന്നു. ബ്രദർ സെവന്ത് പല മാസങ്ങളിൽ വിശ്വാസത്തിൽ നിന്നും പിന്മാറി പോയിരുന്നു മടങ്ങിവരുവാൻ പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥന കേട്ട് പ്രാർത്ഥന കേട്ട് ഇവർ മടങ്ങിവന്നു. ദൈവസഭയോട് ചേർന്ന് ദൈവത്തിന് സ്തോത്രം ജയശ്രീ എന്ന സഹോദരിക്ക് പല്ലുവേദനയായി ഈ സഹോദരിയുടെ അച്ഛൻ അമ്മ സുഖത്തിനുവേണ്ടി പ്രാർത്ഥിക്കാൻ പറഞ്ഞു. ഞങ്ങൾ കുടുംബമായി വിടുതലക്ക് വേണ്ടി പ്രാർത്ഥിച്ച് ദൈവം സുഖം തന്നു. ദൈവത്തിന് സ്തോത്രം.

ലാവണ്യ എന്ന സഹോദരിക്ക് ഫിക്സ് രോഗം ഇവർക്ക് വേണ്ടി പ്രാർത്ഥിക്കാൻ ഇവരുടെ അമ്മ പറഞ്ഞു. ഞങ്ങൾ കുടുംബമായി പ്രാർത്ഥിച്ച് ദൈവം വിടുതല തന്നു കഴിഞ്ഞ ഞായറാഴ്ച 15.02.2026 ന് പുതുതായി കലൈവാണി എന്ന സഹോദരി ആരാധനക്ക് കടന്നു വന്നു ആരാധനയിൽ പങ്കെടുത്തിരുന്നു ഇവരുടെ വിശ്വാസത്തിനുവേണ്ടി പ്രാർത്ഥിച്ച് സുവിശേഷം പറഞ്ഞു. യേശുക്രിസ്തുവിനെ സ്വന്തം ദൈവമായും രക്ഷകനായും സ്വീകരിച്ച് വീട്ടിലേക്ക് പോയി ഇവരുടെ വിശ്വാസത്തിനും നിലനിൽപ്പിനും സഭാ ആരാധനയ്ക്കുവരുവാനും പ്രാർത്ഥിക്കണം.

*മിഷനറി ഗോവിന്ദരാജ്*

## അട്ടപ്പാടി, നായ്ക്കർപാടി മിഷൻ സെന്റർ

യേശുക്രിസ്തുവിന്റെ നാമം വാഴ്ത്തപ്പെടുമാറകട്ടെ ഇന്നത്തെ പ്രവർത്തന വയൽ റിപ്പോർട്ട് ഫെബ്രുവരി മാസം 2026. ഞാനും കുടുംബവും കഴിഞ്ഞമാസവും ഈ മാസവും  കതിരംപാളി അഗളി നയ്ക്കർപടി, ബോഡിചാള എന്നീ ഊരുകളിൽ ദൈവവേല ചെയ്യുവാൻ വേണ്ടി കടന്നുചെന്നിരിക്കുന്നു.

ചില ഊരുകളിൽ യുവതി യുവാക്കൾ ജോലി ഇല്ലാതെ ഇരിക്കുന്നവരും, ചില യുവാക്കൾ മദ്യപാനികൾ ആയിട്ടുള്ളവരും ഊരുകളിൽ നിന്നും കാണാൻ ഇടയായി ഈ പുതു തലമുറയെ ഓർത്ത് പ്രാർത്ഥിക്കണം.

**പ്രാർത്ഥന വിഷയം** : സഭയിൽ ഒത്തിരി പുതിയ ആത്മാക്കൾ കടന്നുവരുന്നതിന് വേണ്ടി പ്രാർത്ഥിക്കണം. അട്ടപ്പാടിയിലെ എല്ലാ സഭാമക്കളെയും ഓർത്ത് പ്രാർത്ഥിക്കണം സഭയുടെ നിലനിൽപ്പിന് വേണ്ടിയും പ്രാർത്ഥിക്കണമെന്ന് പ്രാർത്ഥന ചോദിച്ചുകൊള്ളുന്നു.

*പാസ്റ്റർ വേണു*


## അട്ടപ്പാടി, പോത്തുപ്പാടി മിഷൻ സെന്റർ

ഇക്കഴിഞ്ഞ മാസവും ദൈവകൃപയിൽ ആശ്രയിച്ച് അവന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വയലിൽ വേല ചെയ്യുവാൻ വലിയവനായ ദൈവം കൃപ തന്നു. പോത്തുപ്പാടി, മൂപ്പൻകുന്ന്, ഫസ്റ്റ്, സെക്കന്റ് സൈറ്റ് , കല്ലൂക്കാട്, കുറുക്കകുണ്ട്, മുണ്ടൂർ, ഗുഡ്ഡയൂർ- എന്നീ ഗ്രാമങ്ങൾ സന്ദർശിക്കാൻ ഇടയായി ദൈവവചനം ശ്രവിച്ചവർ മാനസാന്തരാനുഭവത്തിൽ ജീവിക്കുന്നതിനും ആരാധനയിൽ സംബന്ധിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. പോത്തുപ്പാടി സഭാഹാളിന്റെ പണി തുടങ്ങേണ്ടതിനും പണി പൂർത്തീകരിക്കേണ്ടതിനുമായി പ്രത്യേകം പ്രാർത്ഥിക്കുക. വിശ്വാസികളായ കുറുമ്പൻ, കോങ്കര, തങ്കമ്മ എന്നീ പ്രിയപ്പെട്ടവർ ശാരീരികമായി രോഗവാസ്ഥയിൽ ആയിരിക്കുന്നു. പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. (കോങ്കര ശ്വാസതടസം, കുറുമ്പൻ ശരീരവേദന, തങ്കമ്മയുടെ കാൽപ്പാദം രണ്ടും വിണ്ടുകീറി നടക്കാൻ കഷ്ടപ്പെടുന്നു.)

ദൈവമക്കളുടെ നിലനിൽപ്പിനും സണ്ടേ സ്കൂളിൽ പഠിക്കുന്ന കുഞ്ഞുങ്ങളേയും ഓർത്ത് പ്രത്യേകം പ്രാർത്ഥിക്കുക. പോത്തുപ്പാടി കേന്ദ്രീകരിച്ചുള്ള സുവിശേഷ പ്രവർത്തനാനുഗ്രഹത്തെയും ഓർത്ത് പ്രത്യേകം പ്രാർത്ഥിക്കണമേ, പിന്മാറ്റക്കാർ മടങ്ങി വരണം

*പാസ്റ്റർ ജോബ് റ്റി ജെ*

# ക്രിസ്തീയ കാര്യവിചാരകത്വം



**F. R. ജോസഫ്**
ചീഫ് ജനറൽ മാനേജർ & ബാങ്കിംഗ് ഓംബുഡ്സ്മാൻ (റിട്ടയേർഡ്)
റിസേർവ് ബാങ്ക് ഓഫ് ഇന്ത്യ, തിരുവനന്തപുരം

ലൂക്കോസ് 16:12ൽ 'അവൻ അവനെ വിളിച്ച് നിന്നെ കൊണ്ട് ഈ കേൾക്കുന്നത് എന്ത് ? നിന്റെ കാര്യവിചാരത്തിന്റെ കണക്ക് ഏൽപ്പിച്ചു തരിക; നീ ഇനി കാര്യവിചാരകനായിരിപ്പാൻ പാടില്ല എന്നു പറഞ്ഞു.'മറ്റൊരാളുടെ ഉടമസ്ഥതയിലുള്ളത് ഒരു കാര്യസ്ഥൻ സുരക്ഷിതമായി സംരക്ഷിക്കുക മാത്രമല്ല, ഉടമസ്ഥന്റെ പ്രയോജനത്തിനായി ഉപയോഗിക്കുകയുംവേണം. ഏതൊരു കാര്യസ്ഥനും തന്റെ ഉടമയോട് വിശ്വസ്ഥനും യജമാനനുവേണ്ടി ഉത്സാഹത്തോടെ പ്രവർത്തിക്കുകയും വേണം. ഒരിക്കലും കാര്യസ്ഥൻ യജമാനനിൽ നിന്നും ലഭിച്ചതിന്റെ ഉടമസ്ഥൻ ആകാൻ പാടില്ല. ഉടമസ്ഥാവകാശം എന്നും ജയമാനനിൽ നിക്ഷിപ്തമായിരിക്കും.

1 കൊരിന്ത്യർ 4:2 ൽ നാം ഇങ്ങനെ വായിക്കുന്നു 'ഗൃഹവിചാരകന്മാരിൽ അന്വേഷിക്കുന്നതോ അവർ വിശ്വസ്തരായിരിക്കണം എന്നത്രെ.' ലൂക്കോസ് 12:48 ൽ പറയുന്നു 'വളരെ ലഭിച്ചവനോട് വളരെ ആവശ്യപ്പെടും, അധികം ഏറ്റുവാങ്ങിയവനോട് അധികം ചോദിക്കും.'കാര്യസ്ഥത എന്ന് ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന സിദ്ധാന്തമാണ്. ഒരു വീടിന്റേയോ സ്വത്തിന്റേയോ സൂക്ഷിപ്പുകാരനെപ്പോലെ നമ്മെ ഏൽപ്പിച്ചതിന് നാം തികച്ചും ഉത്തരവാദികളാണ്. മത്തായി 25:26 ൽ ഒരു താലന്തു ലഭിച്ചവനോട് യജമാനൻ നിശിതമായി ചോദിച്ചു: 'ദുഷ്ടനും മടിയനുമായ ദാസനേ! നീ എന്റെ ദ്രവ്യം പൊൻ വാണിഭക്കാരെ ഏൽപ്പിക്കേണ്ടിയിരുന്നു. എന്നാൽ ഞാൻ വന്ന് എന്റേത് പലിശയോടുകൂടെ വാങ്ങിക്കൊള്ളുമായിരുന്നു.'

എന്നാൽ കൊള്ളരുതാത്ത ആ ദാസനെ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളവിൻ: അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും.' ഇത് നമുക്കെല്ലാവർക്കും കർശനമായ ഒരു മുന്നറിയിപ്പാണ്. ദൈവം തന്റെ ജനത്തിന് കാര്യസ്ഥതക്കായി ഏൽപ്പിച്ചിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ് എന്ന് പരിശോധിക്കുന്നതിന് മുമ്പ് നാം സ്വയം അറിയേണ്ട മൂന്ന് അടിസ്ഥാന സത്യങ്ങൾ ഉണ്ട്.

ഒന്നാമതായി 'ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവക്കുള്ളതാകുന്നു.'(സങ്കീർത്തനങ്ങൾ 24:1)'സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളതൊക്കെയും നിനക്കുള്ളതല്ലോ (1 ദിനവൃത്താന്തം 29:11) 'ആകാശത്തിൻ കീഴെയുള്ളതൊക്കെയും എന്റേതല്ലയോ.' (ഇയ്യോബ് 41:11) അവൻ എല്ലാ സ്വർണ്ണത്തിന്റേയും വെള്ളിയുടേയും ഉടമയാണ് (ഹഗ്ഗായി 2:8). കാട്ടിലെ സകല മൃഗവും പർവ്വതങ്ങളിലെ ആയിരമായിരം ജന്തുക്കളും എനിക്കുള്ളവയാകുന്നു (സങ്കീർത്തനങ്ങൾ 50:10)

രണ്ടാമതായി – നാമും ദൈവത്തിന്റേതാണ്. കാര്യസ്ഥൻ ദൈവത്തിന്റേതാണ്. കാരണം അവൻ നമ്മെ അവന്റെ ഉദ്ദേശങ്ങൾക്കും മഹത്വത്തിനും വേണ്ടി സൃഷ്ടിച്ചു. എന്നിട്ടും നാം മത്സരിച്ചു പാപം ചെയ്ത് നമ്മുടെ വഴിക്കുപോയി. എന്നാൽ ദൈവം നമ്മെ നമ്മുടെ നാശത്തിനും ന്യായവിധിക്കും വിട്ടുകൊടുത്തില്ല. അവൻ നമ്മെ വളരെ അധികം സ്നേഹിച്ചു. തന്റെ പുത്രനെ അയച്ച് നമ്മെ രക്ഷിക്കാനും വീണ്ടെടുക്കാനും അവനിലേക്ക് തിരികെ കൊണ്ടുവരുവാനും തീരുമാനിച്ചു. അതിനായി നൽകിയതത്രേ യേശുവിന്റെ വിലയേറിയ രക്തം. അങ്ങനെ സൃഷ്ടിയോടും വീണ്ടെടുപ്പിനോടുമുള്ള ബന്ധത്തിൽ നാം രണ്ടുപ്രാവശ്യം ദൈവത്തിന്റേതാകുന്നു.

മൂന്നാമതായി – നാം ലോകത്തിലേക്ക് ഒന്നും കൊണ്ടുവന്നിട്ടില്ല. ഒന്നും കൊണ്ടുപോകാൻ കഴിയുന്നതുമല്ല(1തിമോഥെയോസ് 6:7)'യഹോവ തന്നു, യഹോവ എടുത്തു, അവന്റെ നാമം വാഴ്ത്തപ്പെടുമാറകട്ടെ' (ഈയ്യോബ് 1:21).

അവൻ അമ്മയുടെ ഗർഭത്തിൽ നിന്ന് പുറപ്പെട്ടുവന്നതുപോലെ നഗ്നനായിത്തന്നെ മടങ്ങിപ്പോകും. തന്റെ പ്രയത്നത്തിന്റെ ഫലമായിട്ട്

അവൻ കൈയ്യിൽ ഒരു വസ്തുവും കൊണ്ടുപോകയില്ല (സഭാപ്രസംഗി 5:15).

നമുക്ക് ജോലി ചെയ്യാം, കഠിനാധ്വാനം ചെയ്യാം, ഉത്സാഹത്തോടെ എല്ലാം സംരക്ഷിക്കാം. പക്ഷെ നമുക്ക് ഒന്നും കൊണ്ടുപോകാൻ കഴിയില്ല. എന്നാൽ ജനനത്തിനും മരണത്തിനും ഇടയിൽ ശവക്കുഴിയിലേക്ക് പോകുന്ന ഒരു തൊട്ടിലാണ് ജീവിതം. അതിനിടയിൽ ദൈവം നമുക്ക് പലതും നൽകുന്നു. നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്നു, നമ്മുടെ ആസ്വാദനത്തിനായി പോലും. എന്നാൽ നമുക്കുള്ളതെല്ലാം അവന്റേതാണ്. (1 തിമൊത്തെയോസ് 6:17). യോഹന്നാൻ 3:27 ൽ സ്വർഗ്ഗത്തിൽ നിന്ന് കൊടുത്തിട്ടല്ലാതെ മനുഷ്യന് ഒന്നും ലഭിപ്പാൻ കഴികയില്ല. 1 കോരിന്ത്യർ 4:7 ൽ വിശുദ്ധ പൗലോസ് ചോദിക്കുന്നു- 'ലഭിച്ചതല്ലാതെ നിനക്ക് എന്തുള്ളു?' നാം വിശ്വസ്തരായ ഗൃഹവിചാരകന്മാരായിരിക്കാൻ വേണ്ടി ദൈവത്തിന്റെ ഇഷ്ടത്തിനനുസൃതമായും നമ്മുടെ കുടുംബങ്ങളുടെയും സമൂഹത്തിന്റെയും സംഘടനകളുടെയും ഉപയോഗത്തിനായും അവ നൽകപ്പെട്ടിരിക്കുന്നു.

ഇനി ദൈവം നമുക്കോരുത്തർക്കും എന്താണ് നൽകിയതെന്ന് വിശദീകരിക്കാം. അവന്റെ ദാനങ്ങളെയും അനുഗ്രഹങ്ങളെയും നാലായി തിരിച്ചുപഠിക്കാവുന്നതാണ്.

**1. നമ്മുടെ കഴിവുകളും അറിവുകളും**

ഇത് ദൈവത്തിന്റെ ദാനമാണ്, നാം ഇവയോടെ ജനിച്ചവരല്ല. പഠിക്കാനും വൈദഗ്ധ്യം നേടാനുമുള്ള കഴിവുകൾ ദൈവം നമുക്ക് നൽകി ഉൽപ്പത്തി 39:3 ൽ 'യഹോവ അവനോടുകൂടെ (യൊസെഫ്) ഉണ്ടെന്നും അവൻ ചെയ്യുന്നതൊക്കെയും യഹോവ സാധിപ്പിക്കുന്നു എന്നും അവന്റെ യജമാനൻ കണ്ടു.'

ദാനിയേൽ 6:3 ൽ 'ദാനിയേൽ ഉൽകൃഷ്ട മാനസനായിരുന്നതുകൊണ്ട് അവൻ അദ്ധ്യക്ഷന്മാരിലും പ്രധാന ദേശാധിപന്മാരിലും വിശിഷ്ടനായി വിളങ്ങി'. പുറപ്പാട് 35:30,31,32-ൽ ദൈവം ബസലേലിനെ ദൈവാത്മാവിനാൽ ജ്ഞാനം, ബുദ്ധി, അറിവ്, സകലവിധ സാമർത്ഥ്യം കൊണ്ടും നിറച്ചിരുന്നു. ദൈവത്തേയും അവന്റെ സഭയെയും ജനങ്ങളെയും സേവിക്കാനുള്ള കഴിവുകളും വൈദഗ്ധ്യവും നമുക്ക് ലഭിച്ചിരിക്കുന്നു.

റോമർ 12:6, 7, 8 ൽ നമുക്ക് ലഭിച്ച കൃപക്ക് ഒത്തവണ്ണം വ്യത്യസ്ഥദാനങ്ങൾ നാം ഉപയോഗിക്കണം.അവ സേവിക്കുക,പഠിപ്പിക്കുക, പ്രോത്സാഹിപ്പിക്കുക, ഉദാരമായി നൽകുക, നയിക്കുക, കരുണകാണിക്കുക, സന്തോഷത്തോടെ ചെയ്യുക എന്നിവയാണെന്ന് കാണാൻ സാധിക്കും.

1 പത്രോസ് 4-10 ൽ 'ഓരോരുത്തന് വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവ കൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെകൊണ്ട് അന്യേന്യം ശുശ്രൂഷിപ്പിൻ' എന്ന് എഴുതിയിരിക്കുന്നുവല്ലോ.

**2. സ്ഥാനം, ശക്തി, അധികാരം, സ്വാധീനം**

ഇവയെല്ലാം ദൈവം നിയമിച്ചാക്കിയിരിക്കുന്നത് ദൈവീക ഉദ്ദേശങ്ങൾ നിറവേറ്റുന്നതിനും മറ്റുള്ളവർക്ക് ഒരനുഗ്രഹമാകുന്നതിനും വേണ്ടിയാണ്. യോസഫും ദാനിയേലും എസ്ഥേറും കൊട്ടാരങ്ങളിൽ ഉയർന്ന സ്ഥാനമാനങ്ങളിലിരുന്ന് ഭരണം നടത്തിയത് ദൈവീക താൽപര്യങ്ങൾ നിറവേറ്റപ്പെടേണ്ടതിനുവേണ്ടി ആയിരുന്നു.

'ദൈവത്താലല്ലാതെ ഒരാധികാരവും ഇല്ലല്ലോ, ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു.' (റോമർ 13:1) അതുപോലെ എസ്ഥേർ 4:14ൽ 'ഇങ്ങനെയുള്ളൊരു കാലത്തിന്നായിട്ടല്ലയോ നീ രാജസ്ഥാനത്ത് വന്നിരിക്കുന്നത്? ആർക്ക് അറിയാം?'

നമുക്ക് ദൈവം നൽകിയിരിക്കുന്ന സ്ഥാനമാനങ്ങളും അധികാരങ്ങളും മറ്റുള്ളവരുടെ സേവനത്തിന്നായി പ്രയോജനപ്പെടുത്തേണ്ടതാണ്. സദൃശ്യ 3:27 ൽ 'നന്മ ചെയ്‌വാൻ നിനക്ക് പ്രാപ്തിയുള്ളപ്പോൾ അതിനു യോഗ്യന്മാരായിരിക്കുന്നവർക്കു ചെയ്യാതിരിക്കരുത്' എന്ന് എഴുതിയിരിക്കുന്നു. ഗലാത്യർ 6:10 ൽ 'അവസരം കിട്ടും പോലെ നാം എല്ലാവർക്കും വിശേഷാൽ സഹവിശ്വാസികൾക്കും നന്മചെയ്ക' എന്നും എഴുതിയിരിക്കുന്നു. സ്ഥാനമാനങ്ങളും അധികാരങ്ങളും ഒരിക്കലും ശ്വാശ്വതമല്ല. അത് ഒരു പ്രത്യേക കാലയളവിലേക്ക് നൽകപ്പെട്ടതും എപ്പോൾ വേണമെങ്കിലും എടുത്തുകളയാവുന്നതുമാണ്. അനുസരണക്കേടിലൂടെ പോയ ശൗൽരാജാവിനെയും, അഹങ്കാരിയായിരുന്ന നെബുഖദ്

നേസറിനെയും ദൈവം നാശത്തിലേക്ക് നയിച്ചു. ശ്രദ്ധിക്കുക: അപ്പോസ്തോല പ്രവൃത്തികൾ 12:23 ൽ ഹെരോദാവ് ദൈവത്തിന് മഹത്വം കൊടുക്കായ്കയാൽ കർത്താവിന്റെ ദൂതൻ ഉടനെ അവനെ അടിച്ചു, അവൻ ക്രമിക്കിരയായി പ്രാണനെ വിട്ടു എന്ന് എഴുതിയിരിക്കുന്നവല്ലോ. അതുകൊണ്ട് നമ്മുടെ അധികാരങ്ങൾ വിശ്വസ്തയോടും താഴ്മയോടും കൂടി ദൈവമഹത്ത്വത്തിനായി മറ്റുള്ളവരെ സേവിക്കാൻ ഉപയോഗിക്കുക.

**3. ഭർത്താവ്, ഭാര്യ, കുട്ടികൾ**

ഭർത്താവ്, ഭാര്യ, കുട്ടികൾ എല്ലാം ദൈവത്താൽ നൽകപ്പെട്ടതാണ്. ദൈവത്തിന്റെ വിലയേറിയ സമ്മാനങ്ങളാണ്. അതിന് നാം ദൈവത്തോട് നന്ദിയുള്ളവരായിയിരിക്കണം. സദൃശ്യവാക്യങ്ങൾ 19:14 ൽ 'ബുദ്ധിയുള്ള ഭാര്യയോ യഹോവയുടെ ദാനം'. സങ്കീർത്തനങ്ങൾ 127:3 പ്രകാരം 'മക്കൾ യോഹവ നൽകുന്ന അവകാശവും ഉദരഫലം അവൻ തരുന്ന പ്രതിഫലവും തന്നെ'. പുറപ്പാട് 2:9 ൽ ഫറവോന്റെ പുത്രി അവളോട് 'നീ ഈ പൈതലിനെ കൊണ്ടുപോയി മുല കൊടുത്ത് വളർത്തേണം, ഞാൻ നിനക്ക് ശമ്പളം തരാം എന്നു പറഞ്ഞു.' നമ്മുടെ കുഞ്ഞുങ്ങളോടും നമുക്ക് ഇതേ ഉത്തരവാദിത്തമാണ്. അവർ ദൈവത്തിന്റേതാണ്. ലൂക്കോസ് 22:27 ൽ യേശു താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ തന്റെ ശിഷ്യന്മാരോട് ഇപ്രകാരം പറഞ്ഞു 'ഞാനോ നിങ്ങളുടെ ഇടയിൽ ശുശ്രൂഷിക്കുന്നവനെപ്പോലെ ആകുന്നു.'

**4. ഭൗതീക സ്വത്തുക്കൾ, പണം, സമ്പത്ത്**

പൈതൃകമായും നമ്മുടെ കഠിനാധ്വാനത്തിലൂടെയും ഉത്സാഹത്തിലൂടെയും നമുക്ക് ഭൗതീക സമ്പത്ത് സ്വന്തമാക്കുവാൻ കഴിയും എന്നാൽ അതിന്റെമേലും നമുക്ക് ഉടമസ്ഥാവകാശമില്ല, അവ ദൈവത്തിന്റേതാണ്. ആവർത്തനം 8:17,18ൽ ദൈവം നമുക്ക് ഒരു കനത്ത മുന്നറിയിപ്പ് നൽകുന്നു. 'എന്റെ ശക്തിയും എന്റെ കൈയ്യുടെ ബലവും ഈ സമ്പത്തുണ്ടാക്കി എന്ന് നിന്റെ ഹൃദയത്തിൽ പറയാതിരിപ്പാനും സൂക്ഷിച്ചു കൊള്ളേണം. നിന്റെ ദൈവമായ യഹോവയെ നീ ഓർക്കേണം. നിന്റെ പിതാക്കന്മാരോടു സത്യം ചെയ്ത തന്റെ നിയമം ഇന്നുള്ളതുപോല ഉറപ്പിക്കേണ്ടതിന് അവനല്ലോ നിനക്ക് സമ്പത്തുണ്ടാക്കുവാൻ ശക്തി തരുന്നത്. '1 ദിനവൃത്താന്തം 29:12,14 വാക്യങ്ങളിലും ധനവും ബഹുമാനവും ദൈവത്തിങ്കൽ നിന്നു വരുന്നു എന്നും സകലവുംനിങ്കൽ നിന്നുവാങ്ങി ഞങ്ങൾ നിനക്കു തരുന്നതേയുള്ളു എന്നും എഴുതിയിരിക്കുന്നു. ഇനി ദശാംശത്തിന്റെ ഉപദേശത്തിലേക്ക് വരുമ്പോൾ പത്തിലൊന്ന് നൽകുന്നത് പഴയനിയമത്തിന്റെ ഉപദേശമാണ്. എന്നാൽ ഈ പുതിയ നിയമ കൃപായുഗത്തിൽ എല്ലാം ദൈവത്തിന്റേതാണ്. നമുക്കെടുക്കാനോ ചെലവഴിക്കാനോ ലാഭമുണ്ടാക്കാനോ ദൈവത്തിന്റെ അനുവാദം ആവശ്യമാണ്. അതുകൊണ്ട് കഴിയുന്നത്ര കടങ്ങൾ ഒഴിവാക്കി വരുമാനത്തിൽ ജീവിക്കാൻ പഠിക്കണം. ഉദാരമനസ്കരും, ദരിദ്രരെ സഹായിക്കുന്നവരും സഭയുടെ ആവശ്യങ്ങളിൽ മടികൂടാതെ ഔദാര്യം കാണിക്കുന്നവരും ആയിരിക്കണം. അഗസ്റ്റിൻ ഇപ്രകാരം പറഞ്ഞു ദൈവം നിങ്ങൾക്ക് എത്രമാത്രം നൽകി എന്ന് കണ്ടെത്തുക. അതിൽ നിന്ന് നിങ്ങൾക്കു ആവശ്യമുള്ളത് മാത്രം എടുക്കുക. ബാക്കിയുള്ളത് മറ്റുള്ളവരുടെ ആവശ്യങ്ങൾക്കായി ദൈവം നിങ്ങളുടെ കൈയ്യിൽ തന്നതാണ്. ജിം എലിയറ്റ് ഇപ്രകാരം പറഞ്ഞു. 'തങ്ങൾക്ക് സൂക്ഷിക്കാൻ കഴിയാത്ത് ഉപേക്ഷിക്കുകയും നഷ്ടപ്പെടുത്താൻ കഴിയാത്തത് സൂക്ഷിക്കുകയും ചെയ്യുന്നവൻ ഒരു വിഢിയല്ല.'ആകയാൽ തമ്മിൽ ഓരോരുത്തരും ദൈവത്തോട് കണക്ക് ബോധിപ്പിക്കേണ്ടിവരും (റോമർ 14:12). നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു (2 കോരിന്ത്യർ 5:10). ദൈവരാജ്യ വിസ്തൃതിക്കും മഹത്വത്തിനുമായി നമ്മെ ദൈവം ഏൽപ്പിച്ചിരിക്കുന്നതെന്തും ഉപയോഗിക്കുമ്പോൾ ദൈവീക ദാനത്തിന് വർദ്ധനവ് ഉണ്ടാകും.

പ്രിയ ദൈവ ദാസന്മാരെ നമ്മുടെ യജമാനൻ ഒരു ദിവസം നമ്മോട് പറയും 'നല്ലവനും വിശ്വസ്തനുമായ ദാസനെ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു.'ഇടയ ശ്രേഷ്ഠൻ പ്രത്യക്ഷപ്പെടുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും (1 പത്രോസ് 5:4).

ആമേൻ.

## സംഭാവന അയക്കുന്നവരുടെ ശ്രദ്ധക്ക്

ട്രൈബൽ മിഷന്റെ വേലയ്ക്കായി ധനസഹായം ചെയ്യുന്നവർ അത് മണിയോർഡർ ആയോ ഡ്രാഫ്റ്റ് ആയോ ചെക്ക് ആയോ ട്രൈബൽ മിഷന്റെ ഓഫീസിലേക്ക് അയക്കാവുന്നതാണ്. താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ബാങ്കിലേക്ക് നേരിട്ടും പണം അയക്കാവുന്നതാണ്

### A/c Name - Tribal Mission

1. **STATE BANK OF INDIA, PERUMBAVOOR TOWN BRANCH SB A/C NO: 57041605654, IFSC CODE : SBIN0070154**
2. **AXIS BANK LIMITED, PERUMBAVOOR SB A/C NO : 910010028193291, IFSC CODE : UTIB0000803**
3. **CSB BANK LTD, PERUMBAVOOR SB A/C NO : 015600705880190001, IFSC : CSBK0000156**
4. **DR. K. MURALIDAR, CSB BANK LTD, PERUMBAVOOR SB A/C NO :015600706354190001, IFSC CODE : CSBK0000156**
5. **താഴെ കൊടുത്തിരിക്കുന്ന QR CODE സ്കാൻചെയ്ത് G-PAY വഴിയും നിങ്ങളുടെ ഗിഫ്റ്റ് അയക്കാവുന്നതാണ്.**

**PLEASE NOTE : Since FCRA Permission has been withdrawn by the Govt. of India, Please do not send Foreign Currency to any of these accounts**

**സംഭാവന അയക്കുന്നവരുടെ ശ്രദ്ധക്ക്**

ശരിയായ അക്കൗണ്ടിംഗ് ആവശ്യത്തിനായ പണമടയ്ക്കലിന്റെ വിശദാംശങ്ങൾ (അഡ്രസ് സഹിതം) ഇ-മെയിൽ, ടെലിഫോൺ അല്ലെങ്കിൽ കത്ത് വഴി ഞങ്ങളെ അറിയിക്കാൻ അഭ്യർത്ഥിക്കുന്നു.

**ഞങ്ങളുടെ ഓഫീസ് അഡ്രസ്സ്**

TRIBAL MISSION
Iringole P.O., Perumbavoor - 683548, Ernakulam Dist,
Kerala, India
Mob : + 91-484 2593 866, Mob : +91 - 9048013866

ആദിവാസി മേഖലകളിൽ പ്രവർത്തിക്കുന്ന ഒരു മിഷനറി കുടുംബത്തെ സ്പോൺസർ ചെയ്യുവാൻ നിങ്ങൾക്ക് മനസുണ്ടോ? വിശദവിവരങ്ങൾക്ക് വിളിക്കുക
ഫിനാൻസ് സെക്രട്ടറി : +91 9446869246/9048013866

# ട്രൈബൽ മിഷൻ
# വാർഷീക കൺവെൻഷൻ 2026

**ഏപ്രിൽ 24,25,26 (വെള്ളി, ശനി, ഞായർ) തീയതികളിൽ 6.00 pm**

## സി.എസ്.ഐ ക്രൈസ്റ്റ് ചർച്ച് നാഗർകോവിൽ

**വചനശുശ്രൂഷ : ഡോ. കെ. മുരളീധർ MD MNAMS**

## ഏവർക്കും സ്വാഗതം

# നിത്യതയിൽ



അജയ് ഫിലിപ്പ് മാത്യു (52)

റാന്നി-പൂവൻമല കുരുടാമണ്ണിൽ മുണ്ടപ്ലാക്കൽ കെ. എസ്. മാത്യു (ബാബു സാർ)വിന്റെയും പരേതയായ ലീലാമ്മ മുക്കരണത്ത് കുമ്പളാംപൊയ്ക മകൻ അജയ് ഫിലിപ്പ് മാത്യു (52) കർത്താവിൽ നിദ്രപ്രാപിച്ചു. 03.02.2026 പൂവൻമല സെന്റ് തോമസ് മാർത്തോമ പള്ളിയിൽ സംസ്കാരം നടന്നു. ശ്രീ. അജയ് ഫിലിപ്പ് മാത്യു ട്രൈബൽ മിഷനെ ദീർഘകാലങ്ങളായി സപ്പോർട്ട് ചെയ്തു വന്നിരുന്നു. പ്രിയപ്പെട്ടവന്റെ വേർപാടിൽ ട്രൈബൽ മിഷന്റെ അനുശോചനവും പ്രത്യാശയും അറിയിക്കുന്നു. പ്രിയപ്പെട്ടവന്റെ കുടുംബാംഗങ്ങളെ ഓർത്ത് പ്രാർത്ഥിക്കുന്നു.



## ടൂ വീലർ ആവശ്യമുണ്ട്

മിഷനറിമാരുടെ ഉപയോഗത്തിനായി പഴയതും പുതിയതുമായ ടൂ വീലർ ആവശ്യമുണ്ട്.

**Contact : 97 47 44 29 35**

കഴിഞ്ഞകാലങ്ങളിൽ ഈ വിഷയത്തിൽ സാമ്പത്തികം നൽകിയും വാഹനങ്ങൾ നൽകിയും സഹായിച്ച പ്രിയപ്പെട്ടവരോടും ഞങ്ങൾ നന്ദി അറിയിക്കുന്നു.

## മിഷനറി കുടുംബങ്ങളെ ആവശ്യമുണ്ട്

ആദിവാസിഗ്രാമത്തോട് ചേർന്ന് താമസിച്ച്
ട്രൈബൽ മിഷന്റെ പ്രവർത്തനങ്ങളിൽ പൂർണ്ണസമയം
പ്രവർത്തിക്കുവാൻ സമർപ്പിതരായിട്ടുള്ള
ദൈവവേലക്കാരെ ആവശ്യമുണ്ട്

ട്രൈബൽ മിഷൻ
ഇരിങ്ങോൾ പി ഒ.
പെരുമ്പാവൂർ – 683548
ഫോൺ : 0484 – 2593866

# ട്രൈബൽ മിഷൻ പാക്കുളം ചർച്ചിന്റെ സമർപ്പണ ശുശ്രൂഷയുടെ വിവിധ ദൃശ്യങ്ങൾ




Printed, Published & Owned by Pr. T. Jayadas, Tribal News, Mob: 9747442935, Iringole P.O., Perumbavoor, Ernakulam Dist.-683548
e-mail : tribal_news@hotmail.com Design & Printing : Paul Graphics, Kuruppampady, Mob.: 9495220175